# TAB Trichur Archdiocesan Bulletin

2021 ജനുവരി | വാല്യം: 88 | ലക്കം: 01



അൽ–മഗ്താസ് (യോർദ്ദാൻ അപ്പുറത്തുള്ള ബെഥാനി)
യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തിയ സ്ഥലം

യേശുവിന്റെ ജ്ഞാനസ്നാനം (മത്തായി 3: 13–17)





**ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ**
**തൃശൂർ അതിരൂപത നാമകരണ കോടതി നടപടികൾ സമാപനം**
**(2020 ഡിസംബർ 8 : ചേലക്കര)**




Trichur Archdiocesan Bulletin TAB

ESTD:1934

**ജനുവരി 2021**

ലക്കം:1 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



സർക്കുലർ 4

കച്ചേരിക്കാര്യം 11

നാളാഗമം 15

നാമകരണ നടപടികൾ 20

പാലയൂർ തീർത്ഥകേന്ദ്രം 24

സാമ്പത്തിക കാര്യാലയം 25

വൈദികർ 26

സന്യസ്തർ 29

പാക്ക്ട് 33

വിശ്വാസപരിശീലനം 34

സ്ഥാപനങ്ങൾ 39

സംഘടനകൾ 61

# സർക്കുലർ

**സീറോമലബാർ**
**പ്രേഷിതവാരാചരണം 2021**

Prot. No. 1480/2020

സീറോ മലബാർ സഭയുടെ
**മേജർ ആർച്ചുബിഷപ്പ് കർദിനാൾ**
**മാർ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ദനഹാതിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോമലബാർസഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. 'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിത തീക്ഷ്ണതയാൽ നിറഞ്ഞു, സഭയുടെ പ്രേഷിത ഉദ്യമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിശ്രമമാണ് പ്രേഷിതവാരം ലക്ഷ്യം വയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻ പ്രവത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായസഹോദര

ങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നവരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാലിക ലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിത സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിത സാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാൻ, "ആരാണ് എനിക്കായി പോവുക" (ഏശയ്യ 6:8), എന്ന ആകുലതയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു നവീന ക്രൈസ്തവ മാനവികതയുടെ നിർമ്മാണത്തിനായി പരിശ്രമിക്കുവാൻ 'എല്ലാവരും സോദരർ' എന്ന തന്റെ പുതിയ ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സുവിശേഷ പ്രഘോഷണം വർണ്ണമഭ വർക്ഷ ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ്ക്കുന്നതും അതനുഭവിക്കാൻ അവസരം നൽകുന്നതുമാകണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. പ്രേഷിത പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും ക്രിസ്തുവിന്റെ സുവിശേഷത്തിന് വിരുദ്ധമാണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമ്മിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോദിപ്പിക്കുന്നു (സുവിശേഷത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലികമായി വ്യഖ്യാനിച്ചുകൊണ്ട്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് 'എല്ലാവരും സോദരർ' എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ വീണ്ടും ഓർമ്മിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ 4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാനമാക്കി സഭാസംവിധാനങ്ങളെയും ശുശ്രൂഷകളെയും

പുനർനിർമിച്ചാൽ മാത്രമേ, അവ ക്രിസ്തു വിശ്വാസത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിതപ്രവർത്തന ങ്ങളായി പരിണമിക്കൂ.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത് (*Verbum Domini,* 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്നും അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി ഇറങ്ങിപുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് സഭാമക്കളുടെ ജീവിതകഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തിന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി സന്യാസ–മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്യസ്തരുടെയും മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക്ക് നവീകരണ പ്രസ്ഥാനങ്ങൾ നൽകുന്ന തീക്ഷ്ണത നിറഞ്ഞ സന്ദേശങ്ങളും നിമിത്തം മിഷൻ പ്രവർത്തനത്തിനായി വൈദിക–സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായ സഹോദരങ്ങളുടെയും വർദ്ധിച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്.

സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റയ്ക്കും സംഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ ചിലപ്പോഴെല്ലാം അപക്വമായ പെരുമാറ്റശൈലികളും ഉള്ളടക്കങ്ങളും പ്രസരിപ്പിക്കുന്നതു വഴി നമ്മുടെ മാധ്യമസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിതമൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പതിന്മടങ്ങ് ഫലപ്രദവും ആയാസകരവുമാക്കാൻ ഉപകരിക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽ തന്നെ ഒരു പുതിയ മാധ്യമസംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം 2017 ൽ നമ്മുടെ സഭയ്ക്ക് ലഭ്യമായതിനുശേഷം, പുതിയ

മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ ജോലിചെയ്യുവാനായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബപ്രേഷിതരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുകയും, അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹാധികാരികളെയും അല്മായ നേതൃത്വത്തെയും ഞാൻ നന്ദിപൂർവം ഓർക്കുകയും ചെയ്യുന്നു. മിഷനുവേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തിക സംഭാവനകൾ നൽകിയും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനായി സഭാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകളുമായി സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യഅത്താഴസമയത്ത് ശിഷ്യന്മാർക്കു നല്കുന്നുണ്ട് “നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും” (യോഹ 13:35). ശിഷ്യരുടെ ജീവിതത്തിന്റെ ഉൽകൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും അറിയിക്കുന്നതും. സുകൃതപൂർണ്ണമായ ജീവിതംകൊണ്ടും പ്രഘോഷണം കൊണ്ടും നമ്മുടെ ഗുരുവിനെയും അദ്ദേഹം നൽകുന്ന നിത്യജീവനെയും അനേകരിലെത്തിക്കാം. അതിനായി പരിശ്രമിക്കുന്നവരെ പ്രാർത്ഥനകൊണ്ടും സഹകരണങ്ങൾകൊണ്ടും സഹായിക്കാം. അങ്ങനെ സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നൽകി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ, പരിമിതമായ വാക്കുകൾ കൊണ്ട് തന്നെ ഫലപ്രദമായ പ്രേഷിതപ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിതറാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിത താതൻ തോമാശ്ലീഹായുടെ മധ്യസ്ഥതയും മിഷനറിമാരായ നാമോരോരുത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020–ാം ആണ്ട് മാസം ഡിസംബർ 18–ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

# സർക്കുലർ

2074/2020 C-14
27.11.2020

## ക്രിസ്തുമസ്സ് ആഘോഷം

സ്നേഹ ബഹു. വൈദികരെ, സമർപ്പിതരെ, പ്രിയ സഹോദരി സഹോദരങ്ങളെ, കുട്ടികളെ,

രക്ഷകന്റെ വരവിനായി പ്രതീക്ഷയോടെ കാത്തിരുന്ന ജനത്തിന് സ്നേഹമായ ദൈവം (യോഹ. 3:16) നൽകിയ ഉത്തരമാണ് ക്രിസ്തുമസ്. അത് സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് (ലൂക്ക 2:10). യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് സന്തോഷത്തോടെയും നല്ല ഒരുക്കത്തോടെയും യേശുവിനെ വരവേല്ക്കാം.

കോവിഡ് മഹാമാരിയുടെ പശ്ചത്തലത്തിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് പതിവുള്ള പരിപാടികൾ പ്രായോഗികമല്ല. എങ്കിലും അതിരൂപതയിലെ വിവിധ ഭക്തസംഘടനകളുടെയും വിവിധ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ സാധിക്കുന്ന രീതിയിൽ ഓൺലൈൻ ആയും മറ്റും ഡിസംബർ മാസത്തിൽ വിവിധങ്ങളായ പരിപാടികളും മത്സരങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് പൊതുവായി നിങ്ങളെ ഈ സർക്കുലർ വഴി അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവ ബന്ധ

പ്പെട്ട സമിതികൾവഴി പ്രായോഗികമാക്കി ക്രിസ്തുമസ്സിന് ഏറ്റവും നന്നായി ഒരുങ്ങുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

1. കെ. സി. ബി. സി. ആഹ്വാനം ചെയ്തതുപോലെ ബൈബിൾ പാരായണമാസമായി ഡിസംബർ മാസം നാം ആചരിക്കുകയാണ്. അതിരൂപത ബൈബിൾ അപ്പസ്റ്റലേറ്റ് കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന വിവിധ കർമ്മ പരിപാടികളെക്കുറിച്ച് അതിരൂപത ബൈബിൾ അപ്പസ്റ്റലേറ്റിൽ നിന്നും എല്ലാ ഇടവകകളിലേക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. അതനുസരിച്ച് ഇടവകകളിലും കുടുംബങ്ങളിലും ബൈബിൾ പാരായണം നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. തൃശൂർ അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്കായും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കായുമുള്ള കരോൾ മത്സരങ്ങൾ നടത്തപ്പെടുന്നു. വിശദവിവരങ്ങൾ ഫാമിലി അപ്പസ്റ്റലേറ്റിൽനിന്നും നല്കിയിട്ടുണ്ട്.
3. അതിരൂപതയിലെ യൂത്ത് മിനിസ്ട്രിയും ചിൽഡ്രൻസ് മിനിസ്ട്രിയും വിശ്വാസ പരിശീലന കേന്ദ്രവും ചേർന്ന് മീഡിയാ കത്തോലിക്കായുടെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ വിഷ്വൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. പിതാക്കന്മാരുടെ സന്ദേശങ്ങൾക്കു പുറമേ കുട്ടികളുടെ കഥ, പ്രസംഗം, പാട്ട്, സ്കിറ്റ് തുടങ്ങിയ മറ്റു വിവിധങ്ങളായ പരിപാടികളും മീഡിയാ കത്തോലിക്കാ വഴി പ്രക്ഷേപണം ചെയ്യുന്നു.
4. 2013 മുതൽ ഡിസംബർ 27ന് തൃശ്ശൂർ പട്ടണത്തിൽ നടന്നുവരുന്ന കാരുണ്യത്തിന്റെ ആഘോഷമാണല്ലോ ബോൺ നത്താലെ. കോവിഡ് സാഹചര്യത്തിൽ ഈ വർഷം ബോൺ നത്താലെ ഘോഷയാത്ര സാധ്യമല്ല. എന്നാൽ കാരുണ്യ പ്രവൃത്തികൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ബോൺ നത്താലെ ഇടവകയുടെയും കുടുംബത്തിന്റെയും തലത്തിൽ ആഘോഷിക്കുവാൻ താല്പര്യപ്പെടുന്നു. കുടുംബതലത്തിലും മറ്റും ഫ്ളാഷ്മോബ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിക്കുകയും പാവപ്പെട്ടവർക്കും രോഗികൾക്കും മറ്റും കേക്കും സമ്മാനങ്ങളും നല്കുന്നതും നല്ലതാണ്. ബോൺ നത്താലെ കമ്മിറ്റി വിവിധ സംഘടനകളും മീഡിയ കത്തോലിക്കയുമായി സഹകരിച്ച് വിവിധ ഓൺലൈൻ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാനപരിപാടികൾ താഴെ കൊടുക്കുന്നു.

– അതിരൂപത ഗായകസംഘവുമായി സഹകരിച്ചു ഇടവക തലത്തിൽ ഓൺലൈൻ കരോൾ ഗാന മത്സരം ( റെജിസ്ട്രേഷൻ ഫീസ് 300,

ഫസ്റ്റ് – 10000, സെക്കന്റ് – 5000, തേർഡ് – 3000)

- 7 പേരിൽ കുറയാതെയുള്ള ഇടവക ടീമുകളെ ഉൾപ്പെടുത്തി ഓൺലൈൻ ക്രിസ്തുമസ് ഡാൻസ് മത്സരം (റെജിസ്ട്രേഷൻ ഫീസ് 300, ഫസ്റ്റ് – 10000, സെക്കന്റ് – 5000, തേർഡ് – 3000)
- അതിരൂപതയിലെ കുടുംബങ്ങൾക്കായ് ഫാമിലി കരോൾ മത്സരം
- തൃശ്ശൂർ നഗരത്തിൽ പ്രമുഖ സെന്ററുകളിൽ കച്ചവടക്കാരെ സ്പോൺസർമാരായി കണ്ടെത്തി പുൽക്കൂടുകൾ/ഫ്ളോട്ടുകൾ നിർമ്മാണം.
- ഡിസംബർ 27–നു നടക്കുന്ന പൊതുപരിപാടിയിൽ കലാ–സാംസ്കാരിക–രാഷ്ട്രീയ പ്രവർത്തകരെ പങ്കെടുപ്പിക്കുകയും പാവപ്പെട്ടവരെ സഹായിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.
- മീഡിയ കത്തോലിക്കാ യുട്യൂബ് ചാനലിൽ ബോൺ നത്താലെയുമായി ബന്ധപ്പെട്ട് വ്യത്യസ്ത പരിപാടികളുടെ സംപ്രേക്ഷണം.
- അതിരൂപത–ഇടവക തലത്തിൽ കോവിഡുമായി ബന്ധപ്പെട്ട് കോവിഡ് വ്യാപനം തടയുന്നതിനും രോഗികളെ ശുശ്രൂഷിക്കുന്നതിനും നേതൃത്വം കൊടുത്ത റവന്യൂ, മെഡിക്കൽ, പോലീസ് അധികാരികളെ ആദരിക്കൽ.

സ്നേഹമുള്ളവരെ, മാനവകുലത്തിന്റെ രക്ഷയ്ക്കായി മനുഷ്യനായി അവതരിച്ച യേശുവിന്റെ തിരുപ്പിറവി നമുക്ക് ദൈവാനുഗ്രഹത്തിന്റെ വലിയ അവസരമായി മാറട്ടെയെന്ന് ആശംസിക്കുന്നു. നമുടെ സമൂഹത്തിൽ പലവിധത്തിലുള്ള യാതന അനുഭവിക്കുന്നവർക്കു വേണ്ടി, പ്രത്യേകിച്ച്, കോവിഡ് രോഗംമൂലം ക്ലേശിക്കുന്നവർക്കുവേണ്ടി ഈ അവസരത്തിൽ പ്രാർത്ഥിക്കുവാൻ നിങ്ങളേവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നിങ്ങൾക്കേവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും ക്രിസ്തുമസ്സ് ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സല പിതാവ്,



മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

# കച്ചേരി വാർത്തകൾ

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

### ജനുവരി 2021

1 : വർഷാരംഭം
: നമ്മുടെ കർത്താവിന്റെ നാമകരണം
: ആദ്യവെള്ളി
: ദൈവമാതൃത്വതിരുനാൾ
2 : വി. ചാവറ കുരിയാക്കോസ് ഏലീയാസ് (3 ഞായർ)
3 : **ദനഹാ ഒന്നാം ഞായർ**
6 : ന. കർത്താവിന്റെ പ്രത്യക്ഷവത്കരണ തിരുനാൾ (ദനഹാതിരുനാൾ)
8 : വി. യോഹന്നാൻ മാംദാന
10 : **ദനഹാ രണ്ടാം ഞായർ**
17 : **ദനഹാ മൂന്നാം ഞായർ**
18 : സഭൈക്യവാരം ആരംഭം
20 : വി. സെബസ്ത്യാനോസ്
22 : വി. സുവിശേഷകന്മാർ
23 : വി. ഫ്രാൻസീസ് സാലസ് (24 ഞായർ)
24 : **ദനഹാ നാലാം ഞായർ**
25 : മൂന്ന് നോമ്പ് ആരംഭം
: വി. പൗലോസിന്റെ മാനസാന്തരം
: സഭൈക്യവാരം അവസാനിക്കുന്നു
26 : വി. തിമോത്തിയും തീത്തോസും
28 : വി. തോമസ് അക്വീനാസ്
29 : വി. എസ്തപ്പാനോസ്
30 : വി. ജോൺ ബോസ്കോ (31 ഞായർ)

**2. ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് ദനഹാ. 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും, പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3:7). പരിശുദ്ധ ത്രിത്വരഹസ്യം ഈശോമിശിഹായുടെ മാമ്മോദീസായിലൂടെ വെളിവാക്കപ്പെട്ടു.

ജനുവരി 6-ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ'തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടിക്കുത്തി' പെരുന്നാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി' പെരുന്നാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തം കൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (*ഏൽ പയ്യ*) എന്ന് ആർത്തു വിളിച്ചിരുന്ന പതിവിൽ നിന്നാണ് 'പിണ്ടികുത്തി' പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക-ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വി. ഗ്രന്ഥ പ്രഘോഷണങ്ങളാണ് (വായനകൾ) ഈ കാലയളവിൽ നാം പ്രധാനമായും ഉപയോഗിക്കുക. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയും പറ്റി ഗാഢമായി ചിന്തിക്കണമെന്ന് സഭ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്ത

റിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

3. **വൈദികസമ്മേളനവും നവവൈദികർക്കും ജൂബിലി ആഘോഷിക്കുന്ന വൈദികർക്കും സ്വീകരണവും**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കും ജൂബിലി ആഘോഷിക്കുന്ന വൈദികർക്കും സ്വീകരണവും 2021 ഫെബ്രുവരി 3നാണ് നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2021നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധികാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 10-ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

4. **പാലയൂർ മഹാതീർത്ഥാടനം**

2021 മാർച്ച് 21-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ച്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും, ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

5. **വൈദികരുടെ നിയമനം**

| | |
|---|---|
| 1. ഫാ. ടോണി കാക്കശ്ശേരി | – കപ്ലോൻ കാഞ്ഞാണി എസ്.എൽ.എം. ഐ. കൂടി; സാധുത 2020 നവംബർ 6 മുതൽ. |
| 2. ഫാ. ലിജോ ചിറ്റിലപ്പിള്ളി | – കോർഡിനേറ്റർ, കെ.സി.ബി.സി. കമ്മീഷൻ ഫോർ കെയർ ഹോംസ് കൂടി; സാധുത 2020 |

| | | |
|---|---|---|
| | | നവംബർ 12 മുതൽ. |
| 3. ഫാ. അനീഷ് നെല്ലിക്കൽ | – | സീറോ മലബാർ ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ സേവനത്തിനായി അവധി; സാധുത 2020 നവംബർ 19 മുതൽ. |
| 4. ഫാ. ഷാന്റോ തലക്കോട്ടൂർ | – | പ്രീസ്റ്റ് ഇൻ ചാർജ്ജ് തോളൂർ; സാധുത 2020 നവംബർ 27 മുതൽ. |
| 5. ഫാ. ജാക്സൺ ചാലക്കൽ | – | ലീവ്; സാധുത 2020 നവംബർ 27 മുതൽ. |
| 6. ഫാ. ജെറിൻ അരിമ്പൂർ | – | ക്രിസ്റ്റീന ഹോം ഡയറക്ടറുടെ സഹായി, പറോക് & പാക്ട് സഹായി; സാധുത 2020 നവംബർ 29 മുതൽ. |

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

**നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.**
***(2 തിമോ. 1:14)***

# നാളാഗമം

## നവംബർ 2020

01–അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ താന്ന്യം ഇടവകയിൽ വി. ബലി അർപ്പിച്ച് കൊയ്ത്ത് ഉത്സവം ഉദ്ഘാടനം ചെയ്തു. പറവട്ടാനിയിൽ കരിയർ& കൗൺസിലിങ്ങ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. വൈകീട്ട് തൃശ്ശൂർ സെന്റ് തോമാസ് കോളേജിന്റെ ഓൺലൈൻ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. വൈലത്തൂർ ഇടവകയിലെ 23 കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

02 – അഭിവന്ദ്യ താഴത്ത് പിതാവ് സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ വി. ബലി അർപ്പിക്കുകയും തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. സകല മരിച്ചവരുടെയും ഓർമ്മ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

03 – അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിലുള്ള മാർക്കറ്റ് ഓൺ വീൽ സംരംഭം ഉദ്ഘാടനം ചെയ്തു. വൈകീട്ട് പബ്ളിക്ക് അഫയേഴ്സ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

04 – മൈനർ സെമിനാരിയിൽ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിക്കുകയും സെമിനാരി വിദ്യാർത്ഥികൾക്ക് സന്ദേശം നൽകുകയും ചെയ്തു.

05 – അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ ആശുപത്രിയുടെ വെബ് മീറ്റിങ്ങിൽ പങ്കെടുത്തു.

06 – അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലെ പരി. ലൂർദ്ദ് മാതാവിന്റെയും വി. സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാളിന്റെ ഭാഗമായി കൊടികയറ്റുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

07 – അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. അഭിവന്ദ്യ പിതാക്കൻമാർ തൃശ്ശൂർ മൈനർ സെമിനാരിയുടെയും മേരിമാതാ മേജർ സെമിനാരിയുടെയും ഹോം ഡേ പരിപാടികളിൽ പങ്കെടുത്തു.

08 – അഭിവന്ദ്യ താഴത്ത് പിതാവ് എരുമപ്പെട്ടി ഇടവകയിൽ തിരുഹൃദയം സിസ്റ്റേഴ്സിന്റെ കോൺവെന്റ് വെഞ്ചിരിപ്പു കർമ്മം നടത്തി. വൈകീട്ട് പാക്ടിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഷെക്കെയ്ന ചാനലിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് ദിവ്യബലിയർപ്പിച്ചു. അന്നേ ദിവസം ചെങ്ങാലൂർ പള്ളിയിൽ വി. യൗസേപ്പിതാവിന്റെ രൂപം വെഞ്ചിരിച്ച് പൊതുവണക്കത്തിനായി സ്ഥാപിച്ചു.

10 – അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് തിരുവില്വാമല സെന്റ് പോൾ ഗുരുകുലം സെമിനാരി സന്ദർശിക്കുകയും ഓരോ വൈദികവിദ്യാർത്ഥികളെയും വ്യക്തിപരമായി കാണുകയും ചെയ്തു.

11 – അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുവില്വാമല ഹോളി ക്രോസ് ആശ്രമവും തൊഴൂപാടം സി.എം.സി. ആശ്രമവും സന്ദർശിച്ചു.

13 – അഭിവന്ദ്യ താഴത്ത് പിതാവ് ദീപികയുടെ അപ്ക്സ് വെബിനാറിൽ പങ്കെടത്തു. ഉച്ചതിരിഞ്ഞ് ജൂബിലി ആയുർവേദ ആശുപത്രിയുടെ വെബിനാറിൽ പങ്കെടത്തു. തൃശ്ശൂർ അതിരൂപത വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

14 – അഭിവന്ദ്യ താഴത്ത് പിതാവ് ക്രിസ്ത്യൻ ചെയറിന്റെ വെബിനാറിൽ പങ്കെടത്തു. മുല്ലക്കര ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാർ ടോണി നീലങ്കാവിൽ പിതാവ് പ്രവേശന കൂദാശകൾ നൽകി.

15 – അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ തിരുനാൾ ബലി അർപ്പിച്ചു. വൈകീട്ട് ക്രിസ്ത്യൻ ചെയറിന്റെ വെബിനാറിൽ പങ്കെടത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഷെക്കെയ്ന ചാനലിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് ദിവ്യ ബലിയർപ്പിച്ചു.

16 – അഭിവന്ദ്യ താഴത്ത് പിതാവ് ശാന്തിദാം കോൺവെന്റിൽ വി. ബലി അർപ്പിച്ചു. ഒളരി നവജ്യോതി B.Ed കോളേജിലെ അക്കാഡമിക് ഇയർ ഉദ്ഘാടന യോഗത്തിൽ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്ത് യോഗം ഉദ്ഘാടനം ചെയ്തു.

18 – അഭിവന്ദ്യ താഴത്ത് പിതാവ് ലിറ്റർജിക്കൽ കമ്മീഷന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് പാക്ടിന്റെ വെബ് കോൺഫ്രൻസിൽ പങ്കെടുത്തു.

19 – അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആലോചന സമിതിയോഗത്തിൽ പങ്കെടുത്തു. വൈകീട്ട് ബോൺ നത്താലേ 2020 കമ്മിറ്റി ഓഫീസിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. മേരിമാതാ മേജർ സെമിനാരിയിൽ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ചു.

20 – അഭിവന്ദ്യ താഴത്ത് പിതാവ് ഓൺലൈൻ പ്രീസ്റ്റ് ട്രെയിനിംങ്ങ് സമാപന സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് സ്ഥാപന ഡയറക്ടർമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

21 – അഭിവന്ദ്യ താഴത്ത് പിതാവ് പല്ലിശ്ശേരിയിലെ ഷംഷാബാദ് രൂപതയുടെ മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. മാർ തോമ്മാ ശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാലയൂർ മാർ തോമ്മാ ശ്ലീഹാ ഷ്രൈനിൽ ദിവ്യബലിയർപ്പിച്ചു. സാന്ത്വനം സോഷ്യൽ സർവീസിന്റെ പുതിയ ഓഫീസ് വെഞ്ചിരിപ്പിന് മാർ ആൻഡ്രൂസ് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവും വികാരി ജനറാൾ അച്ചൻമാരും മറ്റ് വൈദികരും സന്നിഹിതരായിരുന്നു. അന്നേ ദിവസം മരത്താക്കര കോൺവെന്റിൽ വച്ച് എഫ്.സി.സി. കോൺഗ്രിഗേഷൻ സിസ്റ്റേഴ്സിന്റെ സഭാ വസ്ത്ര സ്വീകരണ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

22 – അഭിവന്ദ്യ താഴത്ത് പിതാവ്  കെ.സി.വൈ.എം. സംസ്ഥാന കലോത്സവം ഉദ്ഘാടനം  നടത്തി. കോലഴിയിൽ ചാരിറ്റി സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ക്രിസ്തുവിന്റെ രാജത്വതിരുനാളിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചേറൂർ ക്രൈസ്റ്റ് വില്ലയിൽ ദിവ്യബലിയർപ്പിച്ചു.

23 – അഭിവന്ദ്യ താഴത്ത് പിതാവ് നിർമ്മലദാസി സിസ്റ്റേഴ്സിന്റെ സന്ന്യാസ  സമൂഹത്തിന്റെസുവർണ്ണജൂബിലി  ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകീട്ട് കത്തോലിക്കസഭ പത്രത്തിന് അഭിമുഖം നൽകി. വെള്ളാനിക്കോട് ഇടവകാംഗവും പിയറിസ്റ്റ് ഫാദേഴ്സ് സഭാംഗവുമായ ഡീക്കൻ ഷാന്റോ പൊടിമറ്റത്തിലിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി വൈദിക പദവിയിലേക്ക് ഉയർത്തി.

24 – അഭിവന്ദ്യ താഴത്ത് പിതാവ് പൊന്നൂക്കര ഇടവകയിൽ ഡീക്കൻ വിൻതോഷ് കരോട്ട്പുരക്കലിന്റെ തിരുപ്പട്ടദാനശുശ്രൂഷ നടത്തി. ഉച്ചതിരിഞ്ഞ് മേരിമാത മേജർ സെമിനാരിയുടെ എക്സിക്യൂട്ടിവ് മീറ്റിങ്ങിൽ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് ആറ്റുപുറം ഇടവക പള്ളിയിൽ ഗ്രോട്ടോ വെഞ്ചിരിച്ചു.

25 – അഭിവന്ദ്യ താഴത്ത് പിതാവ് തിരുകുടുംബ സന്ന്യാസസമൂഹത്തിന്റെ സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പള്ളിക്കുന്ന് ഇടവകയിൽ കോൺവെന്റ് വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. ചിയ്യാരം വിജയമാത പള്ളിയിൽ അഞ്ചാമത്തെ കുഞ്ഞിന് മാർ ടോണി നീലങ്കാവിൽ പിതാവ് പ്രവേശക കൂദാശകൾ നല്കി.

26 – അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്വാമല ഗുരുകലത്തിൽ വി. ബലി അർപ്പിച്ചു.  ചിറക്കേകോട് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാർ ടോണി നീലങ്കാവിൽ പിതാവ് പ്രവേശക കൂദാശകൾ നല്കി.

28 – അഭിവന്ദ്യ താഴത്ത് പിതാവ്  മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. എങ്ങണ്ടിയൂർ എം.ഐ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. പുതുരുത്തി ഇടവകയിൽ വി. പത്താം പിയൂസ് പാപ്പായുടെയും വി. സെബസ്ത്യാനോസിന്റേയും സംയുക്ത തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. കോവിഡ് കാലഘട്ടത്തിൽ രൂപതയിലെ വേദോപദേശ വിദ്യാർത്ഥികൾക്ക് ഓൺലൈനിലൂടെ ക്ലാസ്സുകൾ തയ്യാറാക്കിയ അദ്ധ്യാപകരെ അനുമോദിക്കുന്ന യോഗത്തിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു.

ബഹു. സിസ്റ്റർ ലിലിയാൻ സി.എം.സി.യുടെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. അന്നേ ദിവസം പരി. വ്യാകുല മാതാവിന്റെ ബസിലിക്കയിൽ കൂടുതുറക്കൽ ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

29 – അഭിവന്ദ്യ താഴത്ത് പിതാവ് പുല്ലഴി സെന്റ് ജോസഫ്സ് ഹോമിൽ സമർപ്പിത ജൂബിലിയിൽ പങ്കെടുത്തു. വൈകീട്ട് തിരുവമ്പാടി ദേവസം പ്രസിഡന്റ് അന്തരിച്ച മാധവൻ മാസ്റ്ററുടെ അനുശോചനയോഗത്തിൽ പങ്കെടുത്തു. അടാട്ട് ഇടവകയിൽ പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെള്ളറക്കാട് ഇടവക പള്ളിയിൽ വി. ഫ്രാൻസിസിന്റെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ ദിവസം തിരുനാൾ ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അന്നേ ദിവസം ജറുസലേം ധ്യാനകേന്ദ്രത്തിൽ ഈ വർഷം സി.എം.ഐ. സന്യാസ സമൂഹത്തിൽ നിന്നും വൈദിക പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ഡീക്കൻമാരെ മാർ ടോണി പിതാവ് കാണുകയും വൈദികപട്ടത്തിന് ഒരുങ്ങുവാൻ അവരെ സഹായിക്കുകയും ചെയ്തു.

30 – അഭിവന്ദ്യ താഴത്ത് പിതാവ് പെരിങ്ങണ്ടിയൂർ ഗ്രെയ്സ് ഹോമിൽ വി. ബലി അർപ്പിച്ച് നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.


**ദൈവത്തെ ഭയപ്പെടുകയും അവിടുത്തേക്ക് മഹത്വം നൽകുകയും ചെയ്യുവിൻ. ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചവനെ ആരാധിക്കുവിൻ.**

***(വെളി. 14:7)***

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

**തൃശ്ശൂർ അതിരൂപത നാമകരണ കോടതിയുടെ സമാപനം**

1930 മുതൽ 1963 വരെ ചേലക്കരയുടെ സമസ്ത മേഖലകളിലും സജീവസാന്നിധ്യമായിരുന്ന ദൈവദാസൻ ആന്റണി തച്ചുപറമ്പിലിന്റെ തൃശൂർ അതിരൂപത നാമകരണ കോടതിയുടെ സമാപനകർമ്മങ്ങൾ ഭക്തിനിർഭരമായ ചടങ്ങുകളോടെ 2020 ഡിസംബർ 8ന് ചേലക്കര സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നടന്നു.



1896 ൽ ഡിസംബർ 8 ന് ചാലക്കുടിക്കടുത്ത് കോട്ടാറ്റിൽ ഭൂജാതനായ ദൈവദാസൻ വിവിധ തലങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം 1924 ൽ വൈദികനായി. ലൂർദ്, അരണാട്ടുകര, വടക്കാഞ്ചേരി എന്നിവിടങ്ങളിലെ സേവനത്തിനുശേഷം 1930 മുതൽ മുഴുവൻസമയ പ്രേഷിതനായി ചേലക്കരയെ തിരഞ്ഞെടുത്തു.

1963ൽ ജൂൺ 8ന് ഇഹലോകവാസം വെടിയുന്നതുവരെ കർമ്മനിരതനായിരുന്നു. അദ്ദേഹമാണ് ചേലക്കരയിലെ അടിസ്ഥാന വികസനത്തിന് അടിത്തറ

പാകിയത്. ജീവിക്കുമ്പോൾ തന്നെ വിശുദ്ധനായി അറിയപ്പെട്ടിരുന്ന, ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന, അദ്ദേഹത്തിന്റെ കബറിടത്തിലേക്ക് അന്നുമുതൽ തന്നെ നാനാജാതി മതസ്തരായ ജനങ്ങൾ പ്രാർത്ഥിക്കാൻ എത്തുമായിരുന്നു. ബഹു. അച്ചന്റെ വിശുദ്ധ ജീവിതത്തെക്കുറിച്ച് പഠിക്കുന്നതിനായി, 2008ൽ ജൂൺ 9ന് നാമകരണ നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ട്, റവ. ഡോ. പോൾ പുളിക്കൻ പോസ്റ്റുലേറ്ററായി നിയമിതനായി. തുടർന്ന് 2010 മാർച്ച് 19ന് നാമകരണകോടതി രൂപീകരിച്ചു. നീണ്ട 10 വർഷത്തെ പഠനത്തിനു ശേഷം, നാമകരണ നടപടികളുടെ രൂപത ഘട്ടത്തിന്റെ സമാപനമാണ് ഭക്തിനിർഭരമായ ചടങ്ങുകളോടെ ചേലക്കരയിൽ നടന്നത്.


2020 ഡിസംബർ 8ന് രാവിലെ 10 മണിക്ക് ആരംഭിച്ച ദിവ്യബലിക്ക് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കൂട്ട് സ്വാഗതം ആശംസിച്ചു. നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ റവ. ഡോ. പോൾ പുളിക്കൻ ആമുഖ പ്രഭാഷണം നടത്തി. നാമകരണ നടപടികളുടെ സമാപന ചടങ്ങുകൾക്ക് മാർ ടോണി നീലങ്കാവിൽ നേതൃത്വം നൽകി. നടപടികളുടെ സമർപ്പണം റവ. ഫാ. ജിസോ കുറ്റിക്കാട്ട് നിർവ്വഹിച്ചു. റവ. ഫാ. വിൻസന്റ് ചെറുവത്തൂർ, റവ. ഫാ. തോമസ് സ്രാമ്പിക്കൽ, അന്നക്കുട്ടിടീച്ചർ, ക്ലാര ടീച്ചർ, വൈസ് പോസ്റ്റുലേറ്റർ സി. റീന തെരേസ്, റവ. ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട്, റവ. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ, റവ. ഫാ. വർഗീസ് കുത്തൂർ, റവ. ഫാ. ഡൊമിനിക്ക് തലക്കോടൻ, ഫാ. ഷിജു ചിററിലപ്പിള്ളി, ഫാ. ഡെമിൻ തറയിൽ എന്നിവർ വിവിധ ചടങ്ങുകളിൽ സംബന്ധിച്ചു. അസി. വികാരി ഫാ. ലിവിൻ ചൂണ്ടൽ, കൈക്കാരൻമാരായ ജെയിംസ് ചാലക്കൽ, സാജു കരിക്കേടത്ത്, വർഗീസ് നീലങ്കാവിൽ, പ്രദീപ് ഉപ്പംതടം എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

**ദൈവത്തിന്റെ പ്രവർത്തികളെല്ലാം ശാശ്വതമാണെന്നു ഞാൻ അറിയുന്നു. അതിനോടു എന്തെങ്കിലും കൂട്ടാനോ അതിൽനിന്ന് എന്തെങ്കിലും കുറയ്ക്കാനോ സാധ്യമല്ല.**

***(സഭാ. 3:14)***

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

ദൈവത്തിനു വേണ്ടിയുള്ള ആഗ്രഹത്തിനും, ദൈവത്തോടുള്ള പ്രതിബദ്ധതയ്ക്കും വി. ഗ്രന്ഥം നല്കുന്ന പേരാണ് തീക്ഷ്ണത. ഇപ്രകാരം ജീവിക്കുന്നവരാണ് തീക്ഷണമതിയായ ദൈവഭക്തർ. അവർ കർത്താവിന് വേണ്ടി തീയിടുന്നവരാണ്. അവിടുത്തെ സാന്നിധ്യത്തിനായി വിശക്കുന്നവരാണ് ദൈവവചനത്തോട് അഭിനിവേശമുള്ളവരാണ്. പഠിക്കാനും പഠിപ്പിക്കുവാനും വളരാനും വളർത്താനും ഉത്സുകരാണ്. ദൈവത്തിലുള്ള വിശ്വാസം ലജ്ജ കൂടാതെ പ്രഘോഷിക്കുന്നവരാണ്. തങ്ങൾ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം മറ്റുള്ളവരുമായി പങ്കിടുന്നതിൽ ആവേശഭരിതരുമാണ്. അവരാണ് കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ശക്തിയോടും പൂർണ്ണ ആത്മാവോടും കൂടി സ്നേഹിക്കുന്നവർ.



ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ഈ ഗണത്തിൽ പ്പെടുന്ന തീക്ഷണമതിയായ ഒരു ദൈവഭക്തനായിരുന്നു. അതിനാലാണ്

"മറ്റൊരു ക്രിസ്തുവായിത്തീരുക എന്നതാണ് എന്റെ ഒരേയൊരു പ്രതിജ്ഞ" എന്നദ്ദേഹം എഴുതിയത്. ഇത് പ്രാവർത്തീകമാക്കുവാനാണ് തന്റെ ഹൃദയവും മനസും രൂപാന്തരപ്പെടുത്തുവാൻ കർത്താവിനെ അനുവദിച്ചത്. കുരിശുകളെ സ്വീകരിച്ച് ക്രിസ്തുശിഷ്യത്വം മൂല്യമുള്ളതാണെന്ന് ബോധ്യപ്പെടുത്തിത്തന്നത്. കൂടാതെ തന്റെ സത്പ്രവർത്തികൾ വഴി സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തിയത്.

ഇങ്ങനെ തന്റെ കർമ്മവും ജീവിതവും ദൈവതീക്ഷണത കൊണ്ട് നിറച്ച്, കാണുന്നവർക്കെല്ലാം ദൈവകാരുണ്യം പങ്കുവച്ച് അവരേയും കർത്താവിലേയ്ക്ക് നയിച്ച ധന്യനായ ഊക്കനച്ചന്റെ ഈ മാതൃക നമുക്കും സ്വന്തമാക്കാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

**പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്തിൽ സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ.**

***(റോമ. 15:13)***

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

**പാലയൂർ തീർത്ഥകേന്ദ്രത്തിന് പുതിയ രൂപവും ഭാവവും**

മാർത്തോമാശ്ലീഹായുടെ പൈതൃകം നിറഞ്ഞു നിൽക്കുന്ന പാലയൂർ തീർത്ഥകേന്ദ്രത്തിന്റെ പഴമയെ നിലനിർത്തിക്കൊണ്ടുതന്നെ തീർത്ഥ കേന്ദ്രത്തിന് പുതിയ രൂപവും ഭാവവും നൽകാൻ സാധിച്ചു. പള്ളിക്കകവും പള്ളി പരിസരവും വളരെ മനോഹരമായി ട്ടാണ് നവീകരിച്ചിട്ടുള്ളത്. പ്രാർത്ഥിക്കുവാനും ധ്യാനിക്കുവനും ശാന്തമായി സമയം ചെലവഴിക്കാനും സാധിക്കുന്ന രീതിയി ലാണ് തളിയ കുളവും ബോട്ട് കുളവുമെല്ലാം നവീകരിച്ചിരിക്കുന്നത്. മാർത്തോമാശ്ലീഹായുടെ തിരുശേഷിപ്പ് വാണങ്ങാനും അനുഗ്രഹങ്ങൾ പ്രാപിക്കു വാനും ഭാരത ക്രൈസ്തവ മ്യൂസിയം സന്ദർശിച്ച് പഴമയെ മനസ്സിലാക്കുവാനും ഇപ്പോൾ ഇവിടെ സൗകര്യമുണ്ട്. തീർത്ഥാടകർക്ക് ഭക്ഷണം കഴിക്കാനും വിശ്രമിക്കാനും ഉള്ള സൗകര്യം ഒരുക്കിയി ട്ടുണ്ട്. പാലയൂർ മാർത്തോമാ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം സന്ദർശിച്ച് മാർത്തോമാശ്ലീഹായുടെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങുവാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
ആർച്ച് പ്രീസ്റ്റ്

**സി.കെ. ജോസ്**
പി.ആർ.ഒ.



# സാമ്പത്തിക കാര്യാലയം

**കവർ പിരിവ്**

ഇടവകളിലെ എല്ലാ വൈദീകരുടെയും, സ്ഥാപന ഡറക്ടർമാരുടെയും ശ്രദ്ധ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സർകുലർ Prot No/2693/2020/S/ABP-date-16/11/2020 ലേക്ക് ക്ഷണിക്കുന്നു. ഈ കത്ത് പ്രകാരം 2021 ജനുവരി 10 ന് മുൻപായി കവർ പിരിവ് ഇടവക വികാരി വഴി അതിരൂപത സാമ്പത്തിക കാര്യാല യത്തിലെത്തിക്കണമെന്നും താൽപര്യപ്പെടുന്നു.

ഏവർക്കും പുതുവത്സര ആശംസകൾ

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫൈനാൻസ് ഓഫീസർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 01 |
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 07 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജോർജ്ജ് നിരപ്പുകാലയിൽ | 09 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 10 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. റിജോ വിതയത്തിൽ | 16 |
| ഫാ. ഷാജി കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജീൻ ചിറയത്ത് | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ ആന്റണി കൊള്ളന്നൂർ | 21 |
| ഫാ. ആന്റണി തെക്കിനിയത്ത് | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 25 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 30 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. ഷാജി കൊച്ചുപുരക്കൽ | 03 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |

| | |
|---|---|
| ഫാ. ഡേവിസ് ചിറമ്മൽ Jr. | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. ഏബിൾ ചിറമ്മൽ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഔസേപ്പ് മേച്ചേരി | 06.01.1916 |
| ഫാ. ഗീവർഗ്ഗീസ് ഇരിമ്പൻ | 01.01.1917 |
| ഫാ. പൊറിഞ്ചു തേറാട്ടിൽ | 31.01.1941 |
| ഫാ. ജോൺ എടത്തിരുത്തിക്കാരൻ | 11.01.1948 |
| ഫാ. ജോസഫ് മണവാളൻ | 18.01.1950 |

| | |
|---|---|
| ഫാ. ഇഗ്നേഷ്യസ് മഞ്ഞളി | 10.01.1952 |
| ഫാ. ജേക്കബ് പോട്ടോക്കാരൻ | 02.01.1968 |
| ഫാ. മാത്യു പാലയൂർ | 10.01.1972 |
| ഫാ. സിറിയക് മേനാച്ചേരി | 04.01.1975 |
| ഫാ. പീറ്റർ കുണ്ടുകുളം | 23.01.1976 |
| ഫാ. പോൾ ആളൂർ | 21.01.1982 |
| മോൺ. ജോർജ്ജ് അക്കര | 21.01.1983 |
| ഫാ. ജേക്കബ് മഞ്ഞളി | 30.01.1984 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19.01.1985 |
| ഫാ. മാത്യു കിടങ്ങൻ | 04.01.1989 |
| ഫാ. ജോൺ എലുവത്തിങ്കൽ | 02.01.1990 |
| ഫാ. ആന്റണി തരകൻ | 07.01.1992 |
| ഫാ. സെബാസ്റ്റ്യൻ തേർമഠം | 13.01.1997 |
| ഫാ. പോൾ ആലപ്പാട്ട് | 08.01.2005 |
| ഫാ. ലാസർ പൊറത്തൂർ | 08.01.2006 |
| ഫാ. ജോസഫ് ഡി. മഞ്ഞളി | 23.01.2006 |
| ഫാ. ആന്റണി ചാലക്കൽ | 06.01.2009 |
| ഫാ. ജോസഫ് ചാഴൂർ | 04.01.2014 |
| മോൺ. തോമസ് തലച്ചിറ | 11.01.2014 |
| ഫാ. അന്തിക്കാട്ട് നിക്കോളാസ് | 17.01.2016 |

**ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിത്തരും.**

***(മത്തായി 18:19)***



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**നവംബർ 2020**

**1. സി.എം.സി.**

സംയോജനദിനമായ 16 ന് എല്ലാ സി.എം.സി. ഭവനങ്ങളിലും പ്രത്യേക ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും നാളിതുവരെ ദൈവം തന്ന ദാനങ്ങൾക്കായി നന്ദി പറയുകയും ചെയ്തു. തൃശ്ശൂർ സേക്രട്ട് ഹാർട്ട് സ്കൂളിൽ വച്ച് നടത്തിയ HM 's Conference ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ, എഡ്യുക്കേഷൻ കൗൺസിലർ സി. സ്റ്റെല്ല റോസ്, കോർപ്പറേറ്റ് മാനേജർ സി. ആത്മ എന്നിവർ സംസാരിക്കുകയും വിദ്യാലയങ്ങളുടെ ഭാവി കാര്യങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ആലുവ ജനറലേറ്റ് Google Meet വഴി സംഘടിപ്പിച്ച മൂന്ന് ദിവസത്തെ ഫോർമേറ്റേഴ്സ് മീറ്റിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ, ഫോർമേഷൻ കോ–ഓഡിനേറ്റർ സി. ക്രിസ്ലിൻ, ഫോർമേറ്റർമാരായ സി. രോഷ്നി, സി. ആൻജോ, സി. ഭവ്യ എന്നിവർ പങ്കെടുത്തു. ആലുവ മംഗലപ്പുഴ സെമിനാരിയിലെ ഫാ. സിജു കൊമ്പൻ, ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, ഇരിഞ്ഞാലക്കുട പ്രൊവിൻഷ്യൽ സി. വിമല സി.എം.സി. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. ആലുവ ജനറലേറ്റിൽ നിന്ന് റവ.ഫാ.ജിൽറ്റോ സി.എം.ഐ യുടെ നേതൃത്വത്തിൽ രൂപീകരണത്തിലായിരിക്കുന്നവർക്കായി നടത്തിയ മൂന്ന് ദിവസത്തെ ധ്യാനത്തിലും രണ്ടാം വർഷ നോവിസസ്സിനായി Central

Renewal Team നടത്തിയ 6 ദിവസത്തെ കാരിസം ധ്യാനത്തിലും online വഴി എല്ലാവരും പങ്കുകൊണ്ടു. പുതുക്കി പണിത നടത്തറ മഠത്തിന്റെ വെഞ്ചിരിപ്പു കർമ്മം മഠം കപ്ലോൻ ഫാ. വിൽസൺ കണ്ണനായ്ക്കൽ നിർവ്വഹിച്ചു. പ്രൊവിൻഷ്യൽ കൗൺസിൽ ഇതിൽ പങ്കെടുത്തു. കാർമ്മൽ മൗണ്ട് മുള്ളൂർക്കര, മരിയ ഭവൻ തൊഴുപ്പാടം, ഹോളി ചൈൽഡ് ചെർളയം, സെന്റ് ആന്റണീസ് പാലുവായ്, സെന്റ് ജോൺസ് ചിയ്യാരം, സാവിയോ ഹോം മന ക്കൊടി, ലിറ്റിൽഫ്ളവർ ചിയ്യാരം, അസംപ്ഷൻ കൊട്ടേക്കാട് എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ കാനോനിക സന്ദർശനം നടത്തി.

2. **എഫ്.സി.സി.**

നവംബർ 21–ാം തീയതി മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റ് ചാപ്പലിൽ വച്ച് തൃശൂർ അതിരൂപത സഹായമെ ത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലിമദ്ധ്യേ 6 നോവിസസ് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു. പ്രോവിൻസിന്റെ youTube Channel-ആയ Assisi Voice ലൂടെ Live ആയി സഭാംഗങ്ങളും കുടുബാംഗങ്ങളും തിരുക്കർമ്മങ്ങളിൽ പങ്കെടു ത്തു.

3. **സി.എസ്.സി.**

കാണിക്ക മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മരിയ പ്രൊവിൻസിന്റെ രജത ജൂബിലിസമാപനവും പ്രൊവിൻസ് ഡെയും ലളിതമായി ആഘോഷിച്ചു. 2020 നവംബർ 22 ന് രാവിലെ 11.00 ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ സമർപ്പിതജീവിതത്തിന്റെ 50 വർഷം പിന്നിട്ട 19 സഹോദരിമാരുടെ ഗോൾഡൻ ജൂബിലി, സി.എസ്. സി. മരിയഭവൻ ജനറലേറ്റിൽ വച്ച് കോവിഡ്–19 ന്റെ നിബന്ധനകളോടെ ആഘോഷിച്ചു.

4. **എസ്.എ.ബി.എസ്.**

ഫ്രാൻസിസ് പാപ്പയുടെ ചാക്രികലേഖനമായ Fratelli Tutti' യെ ആസ്പദമാക്കി നവംബർ 6ന് ഗ്ലോബൽ മീഡിയ സംഘടിപ്പിച്ച വെബി നാറിൽ പ്രോവിൻസിലെ സാധിക്കുന്ന എല്ലാ സിസ്റ്റേഴ്സും സംബ ന്ധിച്ചു. കെ.സി.ബി.സി. മാധ്യമ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. നവംബർ 15ന് K.C.B.C ഐക്യജാഗ്രതാ കമ്മീഷൻ, KCMS – Voice of Nuns സംഘ ടിപ്പിച്ച വെബിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ഈ വെബിനാറിൽ 'Enriching Mental Health in Religious Life' എന്ന വിഷയത്തെ ആസ്പ

ദമാക്കി Rev. Dr. Dev Akkara OFM.Cap വെബിനാർ നയിച്ചു. നവംബർ 16ന് പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും വചനമെഴുത്ത് പരീക്ഷ നടത്തി. നവംബർ 2 മുതൽ 27 വരെ പ്രോവിൻസിലെ 13 ഭവനങ്ങളിൽ, സെൻട്രൽ റിന്യൂവൽ ടീമിലെ അംഗമായ സി. ക്രിസ്റ്റിയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി റിന്യൂവൽ പ്രോഗ്രാം നടത്തി.

5. **സി.എസ്.എം.**

10/11/2020 ബഹു. ലൂയീസമ്മയുടെ 41–ാം ചരമദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കൊളങ്ങാട്ടുകര മരിയഭവനിൽ വിശുദ്ധ ബലി അർപ്പിക്കുകയും കബറിടത്തിൽ ഒപ്പീസ് ചൊല്ലുകയും ചെയ്തു. സുപ്പീരിയർ ജനറൽ മദർ സെബി റോസും പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.സി. ജിയോ മരിയയും ടീം അംഗങ്ങളും പങ്കെടുക്കുകയും ചെയ്തു. നവംബർ 15–ന് സ്ഥാപകപിതാവ് പെരി. ബഹു. ജോൺ കിഴക്കൂടനച്ചന്റെ 60–ാം ചരമവാർഷികം പൊന്നൂക്കര അസംപ്ഷൻ കോൺവെന്റിൽ വച്ച് ബഹു. ഡോ. പോൾ പുളിക്കന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷിച്ചു. അന്നേദിവസം 'ഗുരുമുഖത്തുനിന്ന്' എന്ന സ്ഥാപകമൊഴികൾ അടങ്ങിയ ബുക്ക് പ്രകാശനം ചെയ്തു. നോവിസസ് തയ്യാറാക്കിയ സ്നേഹത്തിന് പ്രത്യുത്തരം എന്ന കയ്യെഴുത്തു മാസിക പ്രകാശനം ചെയ്തു. സുപ്പീരിയർ ജനറൽ മദർ സെബിറോസും, ടീമും സിസ്റേറഴ്സും പങ്കെടുത്തു. നവംബർ 15 മുതൽ 22 വരെ കൃപാഭവൻ ജനറലേറ്റിൽ വെച്ച് നിയമാവലിയെ അടിസ്ഥാനമാക്കി നവീകരണ ധ്യാനം നടത്തി. ബഹു.ഫാ.റാഫേൽ ആവണക്കുംപറമ്പിൽ സി.എം.ഐ ധ്യാനം നയിച്ചു. 15/11/2020 ൽ ജറുസലേം ധ്യാനകേന്ദ്രത്തിലെ ബഹു.വൈദീകരുടെ നേതൃത്വത്തിൽ ലൂർദ്ദ് നാഥ പ്രോവിൻസിലെ സിസ്റേറഴ്സിനായി നടത്തിയ ഒരാഴ്ച്ചത്തെ ഓൺലൈൻ ധ്യാനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയറും എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു. 29/11/2020 പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.സി.ജിയോ മരിയ പ്രോവിൻസിലെ ജൂനിയർ സിസ്റേറഴ്സിനും ഫോർമേഷനിലുള്ളവർക്കുമായി നടത്തിയ ഗൂഗിൾ മീറ്റിൽ എല്ലാവരും പങ്കെടുത്തു.

6. **സി.എസ്.എസ്.**

സന്യാസിനീ സമൂഹത്തിന്റെ ആത്മീയനവീകരണത്തിന്റെ പ്രാരംഭ ധ്യാനം മണ്ണൂത്തി ഹോളിസ്പിരിറ്റ് ജനറലേറ്റിൽവെച്ച് നവംബർ 15 ന് നടത്തി. സുപ്പിരിയർ ജനറൽ റവ. സി. ആനി തോമസിയ നവീകരണത്തിന്റെ ആവശ്യകത വ്യക്തമാക്കികൊണ്ട് ധ്യാന ശുശ്രൂഷ ഉദ്ഘാടനം ചെയ്തു. നവംബർ മാസത്തിൽ രണ്ട് ബാച്ചുകളിലായി മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് റവ.

ഫാദർ റാഫേൽ കോക്കാട്ട് സി.എം.ഐ യുടെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി. തൃശൂരുള്ള സാമൂഹ്യക്ഷേമസംഘടന യായ ജെ.സി.ഐ യുടെ സേവനപുരസ്കാരത്തിന് മണ്ണുത്തി സ്നേഹദീപ്തി സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ റവ. സി. പുഷ്പം അർഹയായി. ഭിന്നശേഷിയുള്ള കുട്ടികൾക്കായി ദീർഘനാളുകളായി സിസ്റ്റർ നൽകിവരുന്ന സേവനങ്ങളെ ആദരിച്ചുകൊണ്ടുള്ളതാണ് ഈ പുരസ്കാരം. ലോകവ്യാപകമായ കോവിഡ് പകർച്ചവ്യാധിയ്ക്കെ തിരെ പോരാടുന്നതിന് എല്ലാ ഭവനങ്ങളിലും അഖണ്ഡ ആരാധന നടത്തിവരുന്നു.

## ആദരാഞ്ജലികൾ



**10.11.2020–എഫ്.സി.സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ഭവനാംഗമായ ബഹു. സി. എൽസി റോസ്മീറ നിര്യാതയായി. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ 11–ാം തീയതി മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്ക്കരിച്ചു.



**27.11.2020–സി.എം.സി.** ഒല്ലൂർ സെന്റ് മേരീസ് ഭവനാംഗമായ സി. ലില്ലിയാൻ നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 11–ാം തീയതി മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്ക്കരിച്ചു.



**27.11.2020 – സി.എസ്.എസ്.** സ്നേഹോദയ പ്രൊവിൻസിലെ അംഗമായ സി. മാഗ്ദലെൻ ചെല്ല ക്കുടം നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 28.11.2020 ന് മണ്ണുത്തിയിലുള്ള സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിനോടനുബന്ധിച്ചുള്ള കല്ലറയിൽ സംസ്ക്കരിച്ചു.

**സി. റോസ് അനിത എഫ്.സി.സി.** — പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.** — സെക്രട്ടറി

# PACT



## 1. PACT Resource Team-ന്റെയും Forane Conveners-ന്റെയും സംയുക്ത മീറ്റിംങ് നടത്തപ്പെട്ടു

15/12/2020 ഡി.ബി.സി.എൽ.സി.യിൽ വെച്ച് വൈകീട്ട് 3 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും, മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും നേതൃത്വത്തിൽ PACT Resource Team-ന്റെയും Forane Conveners-ന്റെയും സംയുക്ത മീറ്റിംങ് നടത്തി. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മീറ്റിംങ് ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് ഫാ. സിജോ മുരിഞ്ഞാത്തേരി അജപാലനപദ്ധതിയുടെ രൂപീകരണത്തെ കുറിച്ച് സംസാരിച്ചു. ഫാ. അലക്സ് മരോട്ടിക്കൽ റിസോഴ്സ് ടീമിന്റെ ദൗത്യത്തെ കുറിച്ച് സംസാരിച്ചു. ഫാ. സാജൻ പിണ്ടിയാൻ കുടുംബവും പ്രാർത്ഥനാ ജീവിതവും എന്ന വിഷയത്തെ പരിജയപ്പെടുത്തി. ഫാ. സൈജോ തൈക്കാട്ടിൽ 2020–21 അജപാലനപദ്ധതി എങ്ങനെ തയ്യാറാക്കാം എന്നതിനെകുറിച്ച് സംസാരിച്ചു. തുടർന്ന് ചർച്ചക്കും, പ്രൊഫ. എലിസബത്ത് മാത്യുവിന്റെ നന്ദി പ്രകാശനത്തോടും സമാപന പ്രർത്ഥനയോടുംകൂടി യോഗം അവസാനിച്ചു.

### 2. കുടുംബവും പ്രാർത്ഥനാജീവിതവും

2020–21 വർഷത്തിലെ അജപാലപദ്ധതി തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും ലഭ്യമാക്കുന്നതിന് അതിരൂപതാ പാക്ടിന്റെ നേതൃത്വത്തിൽ പരിശീലന സമിതി രൂപീകരിച്ചു. ഡിസംബർ 6 –ാം തിയ്യതിക്കു ശേഷം ഇടവകകൾ സന്ദർശിച്ച് അജപാലനപദ്ധതി ഇടവകവികാരിക്കും പാക്ട് സമിതിക്കും കൈമാറും. 2020–21 വർഷത്തിലെ അജപാലന പദ്ധതി രൂപപ്പെടുത്താൻ ആഗ്രഹിക്കുന്നത് കുടുംബവും പ്രാർത്ഥനാ ജീവിതവും എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. വ്യക്തി ജീവിതത്തിലെ വിശ്വാസത്തെ ആഴപ്പെടുത്തുന്നതിന് കുടുംബത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ഒരുക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഓരോ ഇടവകയും വികാരിയച്ചന്റെ നേതൃത്വത്തിൽ അതിരൂപതയിൽ നിന്ന് ലഭിച്ച മാതൃക അജപാലന പദ്ധതിയുടെ സഹായത്താൽ ഇടവകകയ്ക്ക് അനുയോജ്യമായ അജപാലന പദ്ധതി രൂപീകരിക്കാൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ആഹ്വാനം ചെയ്തു.

**ഫാ. സൈജോ തൈക്കാട്ടിൽ**
കോർഡിനേറ്റർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോ മിശിഹായിൽ വാത്സല്യമുള്ള കുഞ്ഞുമക്കളേ,
പുതിയ വർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. 2020 കഴിയുന്നു 2021 ലേക്ക് പ്രവേശിക്കുന്നു. കഴിഞ്ഞ ഒരു വർഷം നമ്മെ സംബന്ധിച്ച് ഏറെ വേദനാജനകമായിരുന്നു. വർഷം ആരംഭിച്ച് അധികം താമസിയാതെ കൊറോണ മഹാമാരി നമ്മെ ഗ്രസിച്ചു. ഒരുപാട് പേർ മരണമടഞ്ഞു, രോഗികളായി, സാമ്പത്തിക ക്ലേശങ്ങൾ ഉണ്ടായി. നമുക്ക് വിദ്യാലയങ്ങളിൽ പോയി പഠിക്കാൻ സാധിച്ചില്ല. ദേവാലയത്തിൽ ഒന്നിച്ചുകൂടാൻ കഴിഞ്ഞില്ല. അങ്ങനെ തുടങ്ങി കുറെ വേദനിപ്പിക്കുന്ന അനുഭവങ്ങൾ. എന്നിരുന്നാലും ഇതിനെയെല്ലാം അതിജീവിച്ച് നമ്മൾ പുതിയൊരു വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. നമുക്ക് ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഈ പുതിയ വർഷത്തിലേക്ക് പ്രവേശിക്കാം.
സാധാരണയായി പുതുവർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുമ്പോൾ ഒരുപാട് തീരുമാനങ്ങൾ എടുക്കും. ഒരിക്കൽ പിശാചുക്കളുടെ തലവൻ കുട്ടിപിശാചുക്കളെ ഒരുമിച്ചുകൂട്ടി ഒരു മീറ്റിംഗ് സംഘടിപ്പിച്ചു. ഭൂമിയിലുള്ള കുട്ടികളെ എങ്ങനെ നാശത്തിന്റെ വഴിയിലേക്ക് നയിക്കാം എന്നതായിരുന്നു മീറ്റിങ്ങിന്റെ ചർച്ചാവിഷയം. ഓരോ കുട്ടിപിശാചുക്കൾ പുതിയ പുതിയ ആശയങ്ങൾ അവതരിപ്പിച്ചു. മൊബൈൽ ഫോണിലൂടെ വഴിതെറ്റിക്കാം, മയക്കുമരുന്നിന് അടിമപെടുത്താം. തെറ്റായ പ്രണയബന്ധങ്ങളിൽ പെടുത്താം. അങ്ങനെ ഒട്ടേറെ പുതിയ ആശയങ്ങൾ. എന്നാൽ തലവന് ഇതൊന്നും താല്പര്യമായില്ല. അപ്പോൾ കൂട്ടത്തിലെ ഏറ്റവും കുട്ടിപിശാച് ഒരു ആശയം അവതരിപ്പിച്ചു. ഞാൻ കുട്ടികളുടെ അടുത്ത് ചെന്ന് പറയും നിങ്ങൾ നന്നായി പഠിക്കണം, നന്നായി പ്രാർത്ഥിക്കണം, നന്നായി മറ്റുള്ളവരുട് പെരുമാറണം, കഠിനാധ്വാനം ചെയ്യണം. പക്ഷേ എല്ലാം നാളെ തൊട്ട് ചെയ്താൽ മതി ഇന്ന് വേണ്ട. എല്ലാ ദിവസവും ഞാൻ ഇങ്ങനെ തന്നെ പോയി പറയും. അങ്ങനെ നല്ലവരായി ജീവിക്കാനുള്ള ആഗ്രഹം എന്നും അവർക്ക് ഉണ്ടാകും. എന്നാൽ അവർ ഒരിക്കലും നല്ല കുട്ടികൾ ആവുകയുമില്ല. തലവന് ഈ ആശയം ഇഷ്ടപ്പെട്ടു. ആശയം നടപ്പിലാക്കാൻ തലവൻ കുട്ടിപിശാചുക്കളെ ഭൂമിയിലേക്ക് അയച്ചു. ചിലപ്പോൾ നമ്മൾ ഈ കുട്ടി

പിശാചിന്റെ പ്രലോഭനത്തിൽ വീണുപോയിട്ടുണ്ടാകും. എല്ലാ വർഷത്തിന്റെയും ആരംഭത്തിൽ നന്നായി പ്രാർത്ഥിക്കാനും പഠിക്കാനും ജീവിക്കാനും നമ്മൾ ആഗ്രഹിക്കും. എന്നാൽ നാളെ മുതൽ ആകാം എന്ന് ചിന്തിച്ചു നീട്ടി വെയ്ക്കും. അങ്ങനെ പഴമക്കാർ പറയുന്നത് പോലെ എല്ലാം നാളെ നാളെ നീളെ നീളെ ആകും.

വി. ലൂക്കായുടെ സുവിശേഷത്തിൽ ജീവിതം അടിമുടി മാറിയ ഒരു വ്യക്തിയെ നമ്മൾ കാണുന്നുണ്ട്. ആ വ്യക്തിയുടെ പേരാണ് സക്കേവൂസ് (ലൂക്കാ 19:1–10). സക്കേവൂസിന് നമ്മെപ്പോലെ ആഗ്രഹം മാത്രമാണ് ഉണ്ടായിരുന്നത്. യേശു ആരെന്ന് കാണാൻ അവൻ ആഗ്രഹിച്ചു (ലൂക്കാ 19:3). എന്നാൽ തന്റെ ഭവനത്തിലെ യേശുവിന്റെ സാന്നിധ്യം അവന്റെ ജീവിതത്തെ മാറ്റി. നന്നായി ജീവിക്കാൻ നമുക്കൊക്കെ ആഗ്രഹമുണ്ട്. പക്ഷേ നന്നായി ജീവിക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിലെ ഈശോയുടെ സാന്നിധ്യം നമ്മൾ തിരിച്ചറിയണം. നമ്മുടെ ഹൃദയത്തിലെ യേശുവിന്റെ സാന്നിധ്യം നന്നായി ജീവിക്കാൻ ശക്തിയും പ്രചോദനവും നമുക്ക് നൽകുന്നു.യേശുവിന്റെ സാന്നിധ്യം നമ്മുടെ ഹൃദയത്തിൽ ഉണ്ടാക്കുന്നതിനുവേണ്ടി പ്രായോഗികമായ അഞ്ച് നിർദ്ദേശങ്ങളാണ് ഈ വർഷം ചെയ്യാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത് .

ഒന്ന് : എല്ലാദിവസവും വിശുദ്ധ ബലിയിൽ പങ്കുകൊണ്ട് ഈശോയെ സ്വീകരിക്കുക.

രണ്ട് : എല്ലാദിവസവും 10 മിനിറ്റ് വചന വായനയ്ക്കായി മാറ്റിവയ്ക്കുക.

മൂന്ന് : നിങ്ങളുടെ ജീവിതത്തെ പ്രചോദിപ്പിക്കുന്ന ഒരു ദൈവവചനം തെരഞ്ഞെടുത്ത് എല്ലാ ദിവസവും ആ വചനം പറഞ്ഞു പ്രാർത്ഥിക്കുക.

നാല് : ഈ വർഷം നിങ്ങൾ വളരാൻ ആഗ്രഹിക്കുന്ന ഒരു പ്രത്യേക ദൈവികപുണ്യം തിരഞ്ഞെടുത്ത് അതിൽ വളരാൻ പരിശ്രമിക്കുക പ്രാർത്ഥിക്കുക.

അഞ്ച് : ഈ വർഷം നിങ്ങൾ ജീവിതത്തിൽ നിന്ന് മാറ്റാൻ ആഗ്രഹിക്കുന്ന ഒരു മൂലപാപം തെരഞ്ഞെടുത്ത് മാറുന്നതിനു വേണ്ടി പ്രാർത്ഥിക്കുക പരിശ്രമിക്കുക.

പുതിയ വർഷത്തിന് എല്ലാ പ്രാർത്ഥനകളും സ്നേഹത്തോടെ നേരുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കുശേഷം, ദൈവത്തിന്റെ മറ്റൊരു വലിയ സമ്മാനമായ പുതുവർഷത്തിലേക്ക് (2021) പ്രതീക്ഷാപൂർവ്വം പ്രവേശിക്കുന്നു. ദനഹായിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ. ദൈവകൃപയിൽ ആശ്രയിച്ച്, എല്ലാം കൊണ്ടും കൂടുതൽ മെച്ചമായൊരു വർഷം – അതാണല്ലോ പുതുവർഷം കൊണ്ട് എല്ലാവരും ആഗ്രഹിക്കുന്നതും. എല്ലാം പുതുതാക്കുന്ന ദൈവത്തിലാശ്രയിച്ച് പുത്തൻ പ്രതിജ്ഞകളോടെ പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

**1. ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ**

തിയതി: **2021 ജനുവരി 3 ഞായർ**

സമയം: 2.30 PM – 4.30 PM

സ്ഥലം : **ഡി ബി സി എൽ സി**

**2. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

തിയതി: **2021 ജനുവരി 26 ചൊവ്വ**

സ്ഥലം : **ഡി ബി സി എൽ സി**

**സാഹചര്യം അനുകൂലമാണെങ്കിൽ** ഈ വർഷത്തെ അവാർഡ് ദിനം പതിവുപോലെ **2021 ജനുവരി 26 ചൊവ്വാഴ്ച തന്നെ നടത്താൻ** ഉദ്ദേശിക്കുന്നു. അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടേയും വിദ്യാർത്ഥികളുടേയും പേരുവിവരങ്ങൾ വിശ്വാസപരിശീലന ബ്ലോഗിലെ നോട്ടീസ് ബോർഡിൽ കൊടുക്കുന്നതാണ്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നല്കുന്നത്.

1. Service Award
2. Full Attendance of Teachers (10 years & above)
3. Retired Teachers
4. Archdiocesan Level Aptitude Examination Rank Holders
5. ACC & XII Common Examination Rank Holders
6. Full Attendance of Students (Std. 1 to ACC)
7. SMCC STD. VII Students Participants (2019)
8. Short Film Competition (ACC Students)

**3. ACC Convocation**

**ഈ വർഷം അതിരൂപതാതലത്തിൽ എ സി സി കോൺവൊക്കേഷൻ ഉണ്ടായിരിക്കുന്നതല്ല. പകരം യൂണിറ്റുകളിൽ സർട്ടിഫിക്കറ്റ് വിതരണം നടത്തേണ്ടതാണ്. പ്രിൻസിപ്പൽ**

**കോൺഫ്രൻസിനു വരുമ്പോൾ സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളി ലേക്ക് കൊണ്ടുപോകാവുന്നതാണ്.**

**4. പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2021 ഫെബ്രുവരി 7

ദിവസം : ഞായർ

സമയം : 02.30 PM

സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

**(സാഹചര്യം അനുകൂലമാണെങ്കിൽ മാത്രം)** എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. മാറ്റം വരുന്നുണ്ടെങ്കിൽ വിവരങ്ങൾ യഥാസമയം വാട്സാപ്പിലൂടെ അറിയിക്കുന്നതായിരിക്കും.

**5. വാർഷിക പരീക്ഷകൾ**

വാർഷിക പ്രോഗ്രാം അനുസരിച്ച് ഫെബ്രുവരി മാസത്തിൽ വാർഷികപരീക്ഷകളാണ്. അതിനായി കുട്ടികളെ ഒരുക്കമല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെയും ബ്ലോഗിലൂടെയും അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലൊ.

Std. I - V Online Exam

2021 ഫെബ്രുവരി 14, 2PM-4PM: **Stds. X, XII & ACC** (2PM-5PM)

2021 ഫെബ്രുവരി 21 2PM-4PM: **Stds. VII, IX & XI**

2021 ഫെബ്രുവരി 28, 2PM-4PM : **Stds. VI, VIII & ACC Re-Exam (2020)**

**6. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി ജനുവരി 25. ജനുവരി 25നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുന്നതിനുള്ള രജിസ്റ്റർ നമ്പറും എസിസി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും ലഭിക്കുകയുള്ളു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നി

വയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.

4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

**7. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ച്**

1. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള **Question & Answer Book** വിശ്വാസ പരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
2. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
3. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

**8. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം**

താഴെ പറയുന്ന തിയ്യതികളിൽ DBCLC-യിൽ നടത്തുന്നു. സമയം (09.30 am – 04.30 pm)

Std. XII : 2021 മാർച്ച് 6, 7 ശനി, ഞായർ
ACC : 2021 മാർച്ച് 6, 7, 13, 14
(ശനി, ഞായർ ദിവസങ്ങൾ)

1. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research –ന്റെ തീരുമാനപ്രകാരവും മേൽനോട്ടത്തിലുമാണ്.
2. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്.

സസ്നേഹം,

**ഫാ. ഫ്രാൻസിസ് ആളൂർ**
*ഡയറക്ടർ*

**ഫാ. റോയ്സൺ കൊള്ളന്നൂർ**
**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
*അസി. ഡയറക്ടർമാർ*

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies:**

ബെൽജിയത്തെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PMവരെയും നടത്തപ്പെടുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് D B C L Cയിലെ Institute of Theology Office-മായി ബന്ധപ്പെടുക. B.A. വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ, ഡിസംബർ മാസത്തിൽ വളരെ ഭംഗിയായി നടത്തപ്പെട്ടു. മുൻവർഷത്തെ പരീക്ഷകൾ പൂർത്തിയാക്കാത്തവർക്ക് അതിനുള്ള അവസരം ഉണ്ടായിരുന്നു.

**2. Diploma in Theology Course:**

24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന ക്രമത്തിൽ ഒരു വർഷം കൊണ്ട് പൂർത്തിയാക്കാവുന്നതാണ്. അടുത്ത ക്ലാസ്സ് ജനുവരി മാസത്തിലെ ഞായറാഴ്ചകളിൽ നടത്തപ്പെടുന്നതാണ്.

**3. Six Month Theology Course:**

സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research of Calicut University ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നുകൊണ്ടിരിക്കുന്നു.

ആശംസകളോടെ,

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

**BISHOP MEDLICOTT ARCHEPARCHIAL LIBRARY,**

**D B C L C, THRISSUR**

**(Phone : 0487- 2333245, Mob : 9188131341)**
E-mail: institute.of.theology@gmail.com

1. **BISHOP MEDLICOTT ARCHEPARCHIAL LIBRARY**
   തൃശ്ശൂർ അതിരൂപത കേന്ദ്രത്തിലെ DBCLCയിൽ BISHOP MEDLICOTT ARCHEPARCHIAL LIBRARY പ്രവർ ത്തിക്കുന്നു. ഇവിടെ അമൂല്യപുസ്തകങ്ങളുടെ വിപുലമായ ശേഖരം തന്നെയുണ്ട്. (Biography, Philosophy, Religion, Bible General, Old Testament, New Testament, Doctrinal Theology, Christology, Mariology, Eschatology, Moral Theology, Devotional Literature, Spritual Theology, Pastoral Theology, Ecclesiology, Canon Law, Liturgy, Missiology, Church History, Ecumenism, Non Christian Religions, Social Science, Languages, Pure Science, Technology, Literature, Theology General, General.). മെമ്പർഷിപ്പ് എടുക്കുന്നതിനും, പുതുക്കുന്നതിനും തിങ്കൾ മുതൽ ശനി വരെ കാലത്ത് 10 മണി മുതൽ വൈകുന്നേരം 5 മണി വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.
2. **CATECHETICAL RELIGIOUS STALL**
   (Phone : 0487- 2333245, 2320828)
   E-mail: crstalltcr@gmail.com
   ദൈവാലയങ്ങളിലേക്കും ഭവനങ്ങളിലേക്കും ആവശ്യമായ എല്ലാ വിഭാഗത്തിലുംപെട്ട ക്രിസ്തീയ ഭക്തവസ്തുക്കളും ആത്മീയപുസ്തകങ്ങളും വിൽക്കപ്പെടുന്നു. 2020–2021 വർഷത്തിലെ വിശ്വാസ പരിശീലനത്തിന് ആവശ്യമായ പഠന പുസ്തകങ്ങൾ വിതരണം ചെയ്തു.

ആശംസകളോടെ,

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത സെമിനാരി

1. **പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുന്നാൾ**

പരിശുദ്ധ ദിവ്യകാരുണ്യ ആരാധനയോടുകൂടെ സെമിനാരിയുടെ മധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുന്നാൾ ഡിസംബർ 8–ാം തിയ്യതി ആചരിച്ചു. വർഷംതോറും ഈ തിരുന്നാൾ ദിനത്തിൽ ഭക്ത്യാദരപൂർവം നടത്താറുള്ള ദിവ്യകാരുണ്യപ്രദക്ഷിണം കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇത്തവണ ഉണ്ടായിരുന്നില്ല. 23 വർഷങ്ങൾക്കുമുമ്പ് പരിശുദ്ധ അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസമായിരുന്നു മേരിമാതാ മേജർ സെമിനാരിയുടെ അടിസ്ഥാനശിലാസ്ഥാപനം.

2. **പരീക്ഷകൾ**

ഈ അദ്ധ്യയനവർഷത്തിലെ രണ്ടാം സെമസ്റ്റർ ആദ്യപാദ പരീക്ഷകൾ ഡിസംബർ 14 മുതൽ 22 വരെയുള്ള തിയ്യതികളിലായി നടന്നു. ഒഴിവുദിവസങ്ങൾക്കുശേഷം 2021 ജനുവരി 6–ാം തിയ്യതി മുതൽ വീണ്ടും ക്ലാസ്സുകൾ ആരംഭിക്കും.

3. **തിരുപ്പട്ട സ്വീകരണം**

ഈ അദ്ധ്യയനവർഷം പരിശീലനം പൂർത്തിയാക്കിയ 17 ബഹുമാനപ്പെട്ട ഡീക്കന്മാരുടെ തിരുപ്പട്ടം സ്വീകരണം 2020 ഡിസംബർ 26–ാം തിയ്യതി മുതൽ ആരംഭിക്കും. 2021 ജനുവരി 4–ാം തിയ്യതിയോടെ അവരിൽ 15 പേർ പുരോഹിതരായി ഉയർത്തപ്പെടും. രണ്ടുപേരുടെ തിരുപ്പട്ടസ്വീകരണം 2021 ഏപ്രിൽ മാസത്തിലാണ് നടക്കുക.

4. **ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

ശ്രീമതി കെ. എൽ. ആനി, W/o സി. സി. വിൻസെന്റ് (Late), ചൂണ്ടൽ ഹൗസ്, ചൂണ്ടൽ, തൃശൂർ

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ ദേശീയ ആയുർവേദ ദിനാഘോഷം**

   ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ ദേശീയ ആയുർവേദ ദിനം ആഘോഷിക്കുകയുണ്ടായി. ആയുർവേദ ദിനത്തോടനുബന്ധിച്ച് ആരംഭിക്കുന്ന പോസ്റ്റ് കോവിഡ് ആയുർവേദ കെയർ ക്ലിനിക്കിന്റെ ഉദ്ഘാടനത്തെക്കുറിച്ചും, ആയുർവേദ ആശുപത്രി ക്യാമ്പസിൽ ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനെക്കുറിച്ചും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന ഔഷധങ്ങൾ കൃഷി ചെയ്ത് ഉത്പാദിപ്പിച്ച് കയറ്റുമതി നടത്താനുള്ള പദ്ധതികളെകുറിച്ചും മാധ്യമങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അസോ. ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത്, ആയുർവേദ വിഭാഗം ചീഫ് കൺസട്ടന്റ് ഡോ. സി. ഡൊണാറ്റ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ സംസാരിച്ചു. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതും, നാം പ്രാചീനകാലം മുതലേ കറികളിൽ ചേർത്തുവരുന്നതുമായ സുഗന്ധവ്യഞ്ജനങ്ങളും ഔഷധസസ്യങ്ങളും ഉപയോഗിച്ച് നിർമ്മിക്കുന്ന Dona Tea സാമൂഹ്യമാധ്യമങ്ങളിൽ വൈറലായി കഴിഞ്ഞിരുന്നു. തുടർന്ന് ഇത് തയ്യാറാക്കുന്ന വിധം മാധ്യമപ്രവർത്തകർക്കു മുമ്പിൽ അവതരിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്തു.

2. **ജൂബിലി ആയ്യുർവേദ പോസ്റ്റ് കോവിഡ് കെയർ ആയ്യുർവേദ ക്ലിനിക്ക്**

   പോസ്റ്റ് കോവിഡ് ആയുർവേദ കെയർ ക്ലിനിക്ക് – പ്രോഗ്രാം ലോഞ്ച്, CCRS-ന്റെ ജമ്മുവിലെ റീജിണൽ ആയുർവേദ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ദീപ് വി.സി. നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷനായ ചടങ്ങിന്റെ ഉദ്ഘാടനം തൃശ്ശൂർ അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മുഖ്യാതിഥിയായ ഡോ. ദീപ് വി. സി., കോവിഡാനന്തര ലക്ഷണങ്ങളെക്കുറിച്ചും, ആരോഗ്യസംരക്ഷണത്തെക്കുറിച്ചും പ്രഭാഷണം നൽകി. കോവിഡ് മുക്തരായ ശേഷവും പലവിധത്തിലുള്ള അസുഖങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ ഇവയുടെ

നിവാരണത്തിനും, ആന്തരാവയവങ്ങളുടെ സംരക്ഷണത്തിനും ഉതകുന്ന ചികിത്സകളാണ് പോസ്റ്റ് കോവിഡ് കെയർ ക്ലിനിക്കിൽ ലഭിക്കുന്നത്.

ആയുർവേദദിനത്തോടനുബന്ധിച്ച് ജൂബിലി എംപ്ലോയീ ഡിസ്കൗണ്ട് സ്കീം – പ്രോഗ്രാം ലോഞ്ച്, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് നിർവ്വഹിച്ചു. ഗൂഗിൾ മീറ്റിലൂടെ നടത്തിയ പരിപാടിയിൽ പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറയും, JAMH സ്പെഷൽ കൺസൾട്ടന്റ് ഡോ. സി. ഡി. സഹദേവനും ആശംസകൾ അറിയിച്ചു. ചീഫ് കൺസൾട്ടന്റ് ഡോ. സി. ഡൊണാറ്റ നന്ദി അറിയിച്ചു. വിശുദ്ധ കുർബാനയോടെ ആരംഭിച്ച സുദിനം മധുരവിതരണത്തോടുകൂടി സമാപിച്ചു.

3. **ലാറ്റക്സ് സോഫ്റ്റ്വെയർ ഉപയോഗിച്ച് ശാസ്ത്രീയ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുതിന് വേണ്ടിയുള്ള വെബ്ബിനാർ**

ജൂബിലി മിഷൻ നഴ്സിംഗ് കോളേജിലെ കമ്മ്യൂണിറ്റി നഴ്സിംഗ് ഡിപ്പാർട്ടുമെന്റിന്റേയും, മെഡിക്കൽ സർജിക്കൽ നഴ്സിംഗ് ഡിപ്പാർട്ടുമെന്റിന്റേയും നേതൃത്വത്തിൽ, IQAC യുടെ സഹകരണത്തോടെ നടത്തിയ ദേശീയ വെബ്ബിനാറിൽ 250 ഓളം പേർ പങ്കെടുത്തു. ഡോ. രമ്യ കെ ശശി (പ്രൊഫസർ, സി എസ് ഡിപ്പാർട്ടുമെന്റ്, ക്രൈസ്റ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ഇരിങ്ങാലക്കുട) ക്ലാസ് നയിച്ചു. ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ (പ്രിൻസിപ്പൽ) സ്വാഗതവും, ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് (ഡയറക്ടർ) ഉദ്ഘാടനവും, ഡോ. സി. ട്രീസ ആന്റോ(വൈസ് പ്രിൻസിപ്പാൾ & IQAC Cordinator) ആമുഖ പ്രസംഗവും, ഡോ. സി. ഫിലോ രശ്മി (വൈസ് പ്രിൻസിപ്പൽ) നന്ദിയും രേഖപ്പെടുത്തി.

4. **ജൂബിലിയിൽ Open RT PCR ടെസ്റ്റിംഗിനു NABL അക്രിഡിറ്റേഷൻ**

മൈക്രോബയോളജി ഡിപ്പാർട്ടുമെന്റിലെ മോളിക്കുലർ ഡൈഗനോസ്റ്റിക്ക് ലബോറട്ടറിയിൽ ബയോ സേഫ്റ്റി –2 കാറ്റഗറിയിൽപെ' ലാബും അതിൽ അതിനൂതന ഉപകരണങ്ങളോടു കൂടിയ RT PCR ടെസ്റ്റിങ്ങ് സംവിധാനവും സജ്ജീകരിച്ചിരിക്കുന്നു. ICMR/NABL അംഗീകാരത്തോടുകൂടി Covid 19 പരിശോധനയ്ക്കുള്ള Truenat testing ചെയ്തുവന്നിരുന്നതാണ്. ഇപ്പോൾ Open RT PCR നുള്ള NABL അക്രിഡിറ്റേഷനും Covid 19 ടെസ്റ്റിംഗിനുള്ള ICMR അപ്രൂവലും ഈ ലാബിന് ലഭിച്ചിരിക്കുന്നു. ആയതിനാൽ ജൂബിലിയിൽ ഇനിമുതൽ കോവിഡിനുള്ള RT PCR (open), Truenat, റാപ്പിഡ് ആന്റിജൻ ടെസ്റ്റുകൾ ലഭ്യമാണ്.

5. **കോവിഡ് ശുശ്രൂഷാവാർഡിലെ സന്നദ്ധപ്രവർത്തകർ**
ആശുപത്രിയിലെ കോവിഡ് രോഗികളെ ശുശ്രൂഷിക്കുന്ന വാർഡിൽ രോഗീപരിചരണത്തിൽ സഹായിക്കുന്നതിനും കൗൺസിലിങ്ങിലൂടെ ആശ്വാസം പകരുന്നതിനും രണ്ടാഴ്ചക്കാലം സന്നദ്ധപ്രവർത്തകരായി എത്തിയ എഫ്.സി.സി. അസ്സീസി പ്രൊവിൻസിലെ സി. ഗ്ലോറിയ ജീസ്, സി. ഷീബ റോസ്, സി. ഗ്രാസിയ ജോൺ എന്നിവർക്ക് ആദരവോടെ നന്ദിയർപ്പിക്കുന്നു.
6. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**
ഡോ. ബെന്നി ജോസഫ് നീലങ്കാവിലിനെ (CEO, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്) Catholic Health Association of India (CHAI) യുടെ ബോർഡ് മെമ്പർ അംഗമായി തിരഞ്ഞെടുത്തു.
7. **ഡയാലിസിസിന് സംഭാവന നൽകിയവർ**
ജോബിൻ ജോസ്, യു. കെ. (14 ഡയാലിസിസ്)
പ്രിൻസ് കെ. വി, കല്ലറമാക്കിൽ ഹൗസ്, തൃശ്ശൂർ (14 ഡയാലിസിസ്)
8. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**
റെനിമോൾ റോയ്, പാലക്കാട്
ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
നോഹ സെബി, നെല്ലിക്കുന്ന്, തൃശ്ശൂർ
9. **കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**
സിൻജോ സുബാഷ്, പാലയൂർ ഹൗസ്, നെട്ടിശ്ശേരി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

JYOTHI ENGINEERING COLLEGE
LEAD KINDLY LIGHT
CREATING TECHNOLOGY LEADERS OF TOMORROW
ESTD 2002

1. **ഇന്റർനാഷണൽ കോൺഫറൻസ് (ICEE 2021) :** 2021 ൽ കോളേജ് ആതിഥേയത്വം വഹിക്കുന്ന ഇന്റർനാഷണൽ കോൺഫറൻസിന്റെ ഔദ്യോഗിക വെബ്സൈററ് ക്യാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ ഉദ്ഘാടനം ചെയ്തു., കോൺഫറൻസിന്റെ പോസ്ററർ അക്കാദമിക്സ് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴയും, ബ്രൗഷർ പ്രിൻസിപ്പൽ ഡോ. സണ്ണി ജോസഫ് കലയത്താങ്കലും പുറത്തിറക്കി.

2. **3D Modelling Workshop :** കോളേജിലെ ഇന്നോവെഷൻ ഡെവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ സൊസൈററി ഓഫ് ഓട്ടോമോട്ടീവ് എഞ്ചിനീയേഴ്സിന്റെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി 3D Modelling ആസ്പദമാക്കി ഏകദിന ശില്പശാല നടത്തി. 27 കോളേജുകളിൽ നിന്നായി നൂറിൽപരം വിദ്യാർത്ഥികൾ ഈ ശില്പശാലയിൽ പങ്കെടുത്തു.
3. **യാത്രയയപ്പ് നല്കി :** 3 വർഷക്കാലം കോളേജ് പ്രിൻസിപ്പലായിരുന്ന ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. ക്ക് ജ്യോതി കുടുംബം യാത്രയയപ്പ് നല്കി. 3 വർഷത്തെ കാലാവധി കഴിഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന്റെ മാതൃ പ്രോവിൻസിലെ പുതിയ ഉത്തരവാദിത്വത്തങ്ങൾ ഏറ്റെടുത്തു. ചടങ്ങിൽ മാനേജരച്ചനും, മററു വൈദികരും, സ്ററാഫ് പ്രതിനിധികളും അദ്ദേഹത്തിന് മംഗളങ്ങൾ നേർന്ന് സംസാരിച്ചു.
4. **ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിച്ചു :** ഈ അദ്ധ്യയന വർഷം ആരംഭിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാററാ സയൻസ്, റോബോട്ടിക്സ് ആന്റ് ഓട്ടോമേഷൻ ഉൾപ്പെടെ 8 ബി.ടെക് ബ്രാഞ്ചുകളിലേയും, 5 എം.ടെക് ബ്രാഞ്ചുകളിലേയും ഒന്നാംവർഷ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപൊലീത്ത വിളക്ക് കൊളുത്തി അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി, ക്യാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ അക്കാദമിക്സ് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ, പ്രിൻസിപ്പൽ ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ, അഡ്മിനിസ്ട്രേററർ ശ്രീ. തോമസ് മാത്യു എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചു.
5. **ധാരണാപത്രം ഒപ്പുവെച്ചു :** സാങ്കേതിക വിദ്യാഭ്യാസ സംസ്ക്കാരം കൂടുതൽ ഉന്നതിയിൽ എത്തിക്കാൻ ഇന്തോനേഷ്യയിലെ പെലിററ ബാങ്സാ യൂണിവേഴ്സിററിയും ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജും ധാരണാപത്രം ഒപ്പുവച്ചു. സാങ്കേതിക മേഖലകളിലെ പുതിയ സാധ്യതകൾ കണ്ടെത്തുവാനും കുട്ടികൾക്കും അദ്ധ്യാപകർക്കും പരസ്പരം ആശയവിനിമയവും ഗവേഷണസംബന്ധമായ സഹായങ്ങളും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ധാരണാപത്രം. ഒരേ ദർശനവും സാങ്കേതികമികവുമുള്ള സ്ഥാപനങ്ങളെ കൈപിടിച്ചുയർത്തുവാനും ഗുണപരമായ വിദ്യാഭ്യാസ സംസ്ക്കാരത്തിലൂടെ നല്ല സമൂഹങ്ങളെ വാർത്തെടുക്കുവാനും ഇതിലൂടെ സാധിക്കും.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
ചെയർമാൻ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

1. **പുതിയ കോഴ്സുകൾ**
   2020–21 വർഷത്തിൽ കോളേജിൽ 4 പുതിയ കോഴ്സുകൾ ആരംഭിക്കുന്നു. (1) എം.എസ്.സി സൈക്കോളജി (ഇന്റഗ്രേറ്റഡ് എയ്ഡഡ്), (2) എം.എസ്.സി  കമ്പ്യൂട്ടർ സയൻസ് ഇൻ സൈബർ സെക്യൂരിറ്റി (3) ബി.കോം ടാക്സേഷൻ (4) ബി.എ ഇംഗ്ലീഷ് 2,3,4 കോഴ്സുകൾ സെൽഫ് ഫിനാൻസിങ്ങ് ആണ്.
2. **പി.എച്ച്.ഡി നേടി**
   മലയാള വിഭാഗം അദ്ധ്യാപിക റവ. സി. ഷീബ (സിസ്റ്റർ ഷാരോൺ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി.
3. **ധാരണാപത്രം ഒപ്പുവച്ചു**
   അമല കാൻസർ റിസർച്ച് സെന്റർ സെന്റ് തോമാസ് കോളേജിലെ ബോട്ടണി, സുവോളജി ഡിപ്പാർട്ടുമെന്റുമായി ധാരണാ പത്രം ഒപ്പുവെച്ചു.
4. **പൂർവ്വ വിദ്യാർത്ഥികൾ സംഭാവന ചെയ്തു**
   കോളേജിന്റെ പുതിയ കാമ്പസിന്റെ പ്രവർത്തനങ്ങൾക്കായി 91–94 ബാച്ചിലെ ബികോം വിദ്യാർത്ഥികൾ 5 ലക്ഷം രൂപ മാനേജ്മെന്റിന് നൽകി.
5. **പൂർവ്വ വിദ്യാർത്ഥി സഹായം**
   കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ പൂർവ്വവിദ്യാർത്ഥികൾ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2 ലക്ഷം എൻഡോവ്മെന്റിനും 25,000 രൂപ ക്ലാസ് നവീകരണത്തിനും നൽകി.
6. **ധ്വനി 20**
   കോളേജിന്റെ ഓൺലൈൻ കലാമത്സരം ധ്വനി 20 എന്ന പേരിൽ സംഘടിപ്പിച്ചു.
7. **പ്രീമിയം മെമ്പർഷിപ്പ്**
   പ്ലെയ്സ്മെന്റ് സെല്ലിന്റെ പ്രവർത്തന മികവിൽ കോളേജിന് ഐ.സി.റ്റി അക്കാദമി ഓഫ് കേരളയുടെ പ്രീമിയം മെമ്പർഷിപ്പ് ലഭിച്ചു. കേരളത്തിലെ അപൂർവ്വം സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന അംഗീകാരമാണ് പ്രീമിയം മെമ്പർഷിപ്പ്.

**8. വെബിനാർ**

കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 'ഡവലപ്പിങ്ങ് മെന്റർ പ്രോഗ്രാം' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. ജോമോൻ ലോനപ്പൻ (എസ്. ഡി. എം പി ജി സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് ആന്റ് റിസേർച്ച് മാഗ്ലൂർ) ക്ലാസ്സുകൾ നയിച്ചു.

* ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കായി 'സ്കിൽ ഫോർ വർക്ക്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. യു. കെ യിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അദ്ധ്യാപകൻ ആയാൻ കൗലി ക്ലാസ്സുകൾ നയിച്ചു.

* എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് സോഷ്യൽ വർക്ക്സ് ഡിപ്പാർട്ട്മെന്റ് 'പി.എൽ.എച്ച്.ഐ.വി കൾക്കുള്ള കൗൺസിലിങ്ങിന്റെ അനിവാര്യത'എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ആലപ്പാട്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കൗൺസിലർ ശ്രീമതി ഡെന്റിമോണ സൈമൺ വെബിനാർ നയിച്ചു.

* പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ആരോഗ്യത്തിനുള്ള അവകാശം, ഇന്ത്യയിലെ മരുന്നുകളിലൂടെ' എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചു. ഡൽഹി ഐ.എസ്.ഐ.ഡി യിലെ ഡോ റെജി കെ ജോസഫ് വെബിനാർ നയിച്ചു. മോഡറേറ്റർ ആയി എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഇമ്മാനുവൽ തോമാസ് പങ്കെടുത്തു.

**9. കാമ്പസ് പ്ലെയ്സ്മെന്റ്**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ ഗ്രേസ്കൃപ, ബി.ബി.എ ഡിപ്പാർട്ട്മെന്റിലെ തെരേസോ ജോൺ എന്നീ വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സെല്ലിന്റെ സഹായത്തോടെ ഡെലൊയ്റ്റ് എന്ന സ്ഥാപനത്തിൽ ജോലി ലഭിച്ചു.

**10. ക്ലബ്**

മ്യൂസിക്ക് ക്ലബ് ഹംസധ്വനി എന്ന പേരിൽ ഇന്റർ കോളേജിയേറ്റ് സെമിക്ലാസിക്ക് സംഗീത മത്സരം സംഘടിപ്പിച്ചു.

* ഫാഷൻ ഡിസൈൻ ക്ലബ് 'സിഗ്നേച്ചർ ഡിസൈൻ' എന്ന പേരിൽ എംബ്രോയിഡറി സ്കില്ലിൽ മത്സരം സംഘടിപ്പിച്ചു.

* ഇ. ഡി ക്ലബിന്റെ ആഭിമുഖ്യത്തിൽ 'സ്വയം സംരംഭകത്തിലെ എന്റെ കഥ' എന്ന വിഷയത്തിൽ സംസ്ഥാനത്തെ ഏറ്റവും നല്ല വനിത സംരംഭകത്തിനുള്ള അവാർഡ് ലഭിച്ച ഗോൾ ഗപ്പാസിന്റ ഫൗണ്ടറും മികച്ച ഷെഫുമായ ശ്രീമതി സഹന സലിം സംരംഭകത്വ മോട്ടിവേഷൻ ക്ലാസ്സ് നയിച്ചു.

**11. രക്തദാനം**

സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'ഒരു ദിവസം ഒരു രക്ത ദാതാവ്' എന്ന പേരിൽ രക്തം ദാനം ചെയ്ത് ജീവൻ രക്ഷിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

**12. നേട്ടം**

താഴെപ്പറയുന്ന വിദ്യാർത്ഥികൾ ഈ വർഷം നെറ്റ്/ ജെ.ആർ. എഫ് ദേശീയ മത്സര പരീക്ഷ വിജയിച്ചു.

| | | |
|---|---|---|
| മരിയ വിജു | – ഇംഗ്ലീഷ് | – നെറ്റ് |
| ദിവ്യ പി. സി | – ഇംഗ്ലീഷ് | – ജെ.ആർ.എഫ് |
| അനുപമ സി. വി | – ഇംഗ്ലീഷ് | – ജെ.ആർ.എഫ് |
| റേച്ചൽ ബെർക്കുമേൻ | – ഇംഗ്ലീഷ് | – ജെ.ആർ.എഫ് |
| റോഷ്ന പി ബി | – ഇംഗ്ലീഷ് | – നെറ്റ് |
| നിവേദ്യ | – ഇംഗ്ലീഷ് | – നെറ്റ് |
| അഷിക ആൻ ജോസ് | – ഇംഗ്ലീഷ് | – നെറ്റ് |
| അരുൺ എം | – എം.എസ്.ഡ്യൂ | – ജെ.ആർ.എഫ് |
| ഗോപീകൃഷ്ണ പി.ജി | – കംപ്യൂട്ടർ സയൻസ് | – നെറ്റ് |
| ആവ്യാ ജോസ് | – ബി.സി.എ | – നെറ്റ് |
| ശ്യാമ ഷാജു | – കോമേഴ്സ് | – നെറ്റ് |

* കേരള ഗവൺമെന്റിന്റെ എനർജി മാനേജ്മെന്റ് സെന്റർ തൃശൂർ ജില്ലാ കോർഡിനേറ്റർ ആയി ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. റ്റി. വി. വിമൽ കുമാർ നിയമിതനായി.
* കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ക്കൂൾ ഓഫ് ഡ്രാമ & ഫിലിം ഡിപ്പാർട്ട്മെന്റിൽ ബി.റ്റി.എ ഓറിയന്റേഷൻ പ്രോഗ്രാമിൽ റിസോഴ്സ് പേഴ്സൺ ആയി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ ബിജു സി.എസ് പങ്കെടുത്ത് ക്ലാസ്സ് നയിച്ചു.
* ചെന്നൈ ഹിന്ദുസ്ഥാനി കോളേജ് സംഘടിപ്പിച്ച വെർച്ചൽ ഗസ്റ്റ് ലക്ച്ചർ സീരീസിൽ റിസോഴ്സ് പേഴ്സൺ ആയി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. സനിൽ രാജ് പങ്കെടുത്ത് ക്ലാസ് നയിച്ചു.
* സെന്റ് തോമാസ് കോളേജിലെ ക്രിമിനോളജി & പോലീസ് സയൻസ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകനായ ഡോ. ഫെബിൻ ബേബി, ഗോദറേജ് ലിമിറ്റഡ് കമ്പനി സംഘടിപ്പിച്ച വെബിനാറിൽ ഹോം സേഫ്റ്റിയെക്കുറിച്ച് ക്ലാസ്സ് നയിച്ചു.
* കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കായിക മികവിൽ കലാലയം ഓവർഓൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടി. പുരുഷവിഭാഗത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു.

**13. പരിശീലനം**

അടുത്ത വർഷത്തെ യു.ജി.സി നെറ്റ്/ജെ.ആർ.എഫ് ദേശീയ പരീക്ഷയ്ക്കുള്ള പരിശീലനം കോളേജിൽ ആരംഭിച്ചു.

**പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. പ്രവേശനോത്സവം സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2020–2022 അധ്യായന വർഷത്തിലെ ബി.എഡ്, എം.എഡ് വിദ്യാർത്ഥികളുടെ പ്രവേശനോത്സവം 2020 നവംബർ 16ന് സംഘടിപ്പിച്ചു. കോളേജ് മാനേജർ മോൺ.റവ.തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.ചാക്കോ ചിറമ്മൽ അദ്ധ്യക്ഷത വഹിച്ചു.

**2. യത്രയയപ്പ് നൽകി**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ സോഷ്യൽ സയൻസ് വിഭാഗം അധ്യാപികയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ശ്രീമോൾ പി.ദേവി ടീച്ചർക്ക് നവംബർ 16ന് യാത്രയയപ്പ് നൽകി.

**3. ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ്, എം.എഡ് വിദ്യാർത്ഥികൾക്കായി നവംബർ 17ന് സെന്റ് തോമസ് കോളേജ്, തൃശ്ശൂർ അസി. പ്രൊഫസർ ഡോ.ഡെയ്സൺ പണങ്ങാടന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. അധ്യാപനത്തിന്റെ സാധ്യതകളെ വിദ്യാർത്ഥികൾക്ക് വ്യക്തമാക്കി കൊടുക്കുവാൻ പ്രസ്തുത ക്ലാസിലൂടെ സാധിച്ചു.

**4. ഹൃദ്യമായ സ്വീകരണം നൽകി**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പുതുതായി ചാർജെടുത്ത അധ്യാപകരായ ശ്രീമതി.സൗമ്യ.ഇ (മാത്തമറ്റിക്സ്), ശ്രീമതി. ആശ.എൻ.വി (സോഷ്യൽ സയൻസ്) എന്നിവർക്ക് നവംബർ 18ന് ഹൃദ്യമായ സ്വീകരണം നൽകി.

**5. അധ്യാപക പരിശീലനം ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2019–2021 ബാച്ചിലെ വിദ്യാർത്ഥികളുടെ അധ്യാപക പരിശീലനം 2020 നവംബർ 19ന് ആരംഭിച്ചു. കോവിഡ് – 19ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ ഓൺലൈൻ മാധ്യമത്തിലൂടെയാണ് വിദ്യാർത്ഥികൾ ക്ലാസെടുക്കുന്നത്.

**6. ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു**

ആരാണ് അധ്യാപകൻ / അധ്യാപിക എന്ന വിഷയത്തെ ആസ്പദമാക്കി മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി നവംബർ 19ന് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. സെന്റ് തോമസ് കോളേജിലെ മുൻ പ്രിൻസിപ്പൽ റവ.ഡോ.ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വ ത്തിലായിരുന്നു ഓറിയന്റേഷൻ പ്രോഗ്രാം.

**7. ഉപന്യാസ രചനയിൽ സമ്മാനർഹിതയായി**

ഇന്റർ കോളജിയേറ്റ് ക്യാപസ് എസ്സേ കോമ്പറ്റീഷനിൽ മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ മലയാളം വിഭാഗം വിദ്യാർത്ഥിനി ആൽബിയ ഷാജു മൂന്നാം സ്ഥാനം കരസ്ഥമാക്കി. 'നവ കോളനി വൽക്കരണവും, മൂന്നാം ലോകമഹായുദ്ധവും' എന്ന വിഷയത്തെ ആസ്പദമാക്കിയ ഉപന്യാസ രചനയിലായിരുന്നു അഭിനന്ദനാർഹമായി നേട്ടം കൈവരിച്ചത്.

**8. സിനർജി വെബിനാർ സീരിസ് – 3 സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നവംബർ 30ന് സൈക്കോളജി വിഭാഗം അധ്യാപിക ഡോ.നിഖിത രാജുവിന്റെ നേതൃത്വത്തിൽ സിനർജി വെബിനാർ സീരിസ് – 3 സംഘടിപ്പിച്ചു. 'ഡിജിറ്റൽ സ്കിൽസ് ഫോർ ടീച്ചേഴ്സ് ഇൻ ദി ഡിജിറ്റൽ ഇറ' എന്ന വിഷയം ആയിരുന്നു പ്രസ്തുത സെമിനാറിൽ അവതരിപ്പിക്കപ്പെട്ടത്..

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

1. **സാന്ത്വനത്തിന് പുതിയ മുഖം**

തൃശ്ശൂർ അതിരൂപതയുടെ പ്രേഷിതത്വ കേന്ദ്രമായ സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്റർ തൃശ്ശൂർ ശക്തൻ നഗറിൽ നിന്നും കീരൻകുളങ്ങരയിലുള്ള ആർച്ച്ബിഷപ്പിനടുത്തുള്ള പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനമാരംഭിച്ചു.ആശീർവാദകർമം അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. വിദ്യാഭ്യാസ ആരോഗ്യ പരിപാലന ഉപകരണങ്ങളുടെ ഫെസിലിറ്റേഷൻ പദ്ധതിയും മാർ താഴത്ത് ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ ടോണി നീലങ്കാവിൽ സാന്ത്വനത്തിന്റെ പുതിയ ലോഗോ പ്രകാശനം ചെയ്തു.സാന്ത്വനം ചെയർമാൻ മോൺ.തോമസ് കാക്കശ്ശേരി ആമുഖപ്രഭാഷണം നടത്തി. അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, സോഷ്യൽ ആക്ഷൻ വൈസ് ചെയർമാൻ എ.എ.ആന്റണി, സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസി.ഡയറക്ടർ ഫാ.സിന്റോ തൊറയൻ എന്നിവർ പ്രസംഗിച്ചു. അസോ.ഡയറക്ടർ റവ.ഡോ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ.പോൾ മാളിയമ്മാവ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

2. **വാർഷികയോഗങ്ങൾ നടത്തി**

സോഷ്യൽ ഏക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ, സോഷ്യൽ സെന്റർ ഹൗസിങ്ങ്, എന്നീ സൊസൈറ്റികളുടെയും സാന്ത്വനം, സേവ് എ ഫാമിലി, സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റ്സ് എന്നീ ട്രസ്റ്റുകളുടെയും വാർഷികയോഗങ്ങൾ സാന്ത്വനം ഹാളിൽവെച്ച് കൂടുകയും ഓഡിറ്റ് ചെയ്ത വാർഷികകണക്കുകൾ വായിച്ച് അംഗീകരിക്കുകയും ചെയ്തു.

3. **ഉൽപ്പാദകരുടെ മീറ്റിംഗ്**

ഉൽപ്പന്നങ്ങൾ സാന്ത്വനം മാർക്കറ്റിലേക്ക് കൊണ്ടുവരുന്നതിനായി ഉൽപ്പാദകരുടെ മീറ്റിംഗ് കുരിയച്ചിറ പള്ളിയിൽ വച്ച് വികാരി റവ. ഫാ.തോമസ് ചൂണ്ടൽ, സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ. ജോസ് വട്ടക്കുഴി എന്നിവരുടെ നേതൃത്വത്തിൽ നടത്തി.

അതിനുശേഷം ഉൽപ്പാദകരുടെ കൃഷിസ്ഥലങ്ങളും ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി.

4. **ഗുണനിലവാര പരിശോധന ടീം**

ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി അതിരൂപതാതലത്തിൽ ടീമംഗങ്ങളെ നിയമിച്ചു.

5. **സ്വയം സഹായസംഘങ്ങളുടെ മീറ്റിംഗ് സംഘടിപ്പിച്ചു**

അതിരൂപത സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വയം സഹായ സംഘങ്ങളുടെ (ബേസിക് ആക്ഷൻ ടീം) മീറ്റിംഗുകൾ പെരിഞ്ചേരി, പനംകുറ്റിച്ചിറ എന്നീ യൂണിറ്റുകളിൽ വച്ച് നടത്തി. വികാരിമാർ റവ.ഫാ.ആന്റണി ആലുക്ക, റവ. ഫാ.ഡേവിസ് പുലിക്കോട്ടിൽ, സാന്ത്വനം അസോ.ഡയറക്ടർ ഡോ. ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ബീന വർഗ്ഗീസ്, ആനിമേറ്റർ സീജ രഞ്ജിത്ത് എന്നിവർ നേതൃത്വം കൊടുത്ത മീറ്റിങ്ങിൽ SHG യുടെയും JLGയുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവയ്ക്ക് വേണ്ട നിർദേശങ്ങളും നൽകുകയും ചെയ്തു. എല്ലാ മാസവും യൂണിറ്റു തലത്തിൽ മീറ്റിംഗ് നടത്തണമെന്നും കണക്കുകൾ കൃത്യമായി വായിക്കണമെന്നും യോഗത്തിൽ ഓർമിപ്പിച്ചു.

6. **SAFP FDP, 2020-2021 ഭാഗമായി പുതിയ കുടുംബങ്ങളെ കണ്ടെത്തി**

സേവ് എ ഫാമിലി പ്ലാൻ, ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലേക്ക് 2020–2021 വർഷത്തിലേക്ക് 80 പുതിയ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സെലഷൻ നടത്തി. സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ റവ.ഫാ.ഡോ. ജോസ് വട്ടക്കുഴി സെലഷന് നേതൃത്വം നൽകി .കാളത്തോട്, മുളയം, പറവട്ടാനി, നെല്ലിക്കുന്ന് , ചൂലിശ്ശേരി, പള്ളിമൂല , വിയ്യൂർ, നോർത്ത് പുതുക്കാട്, രാമപ്പുരം, മഴുവൻഞ്ചേരി, വഴക്കുംപാറ, കണ്ണാറ, ചുവന്നമണ്ണ്, പട്ടിക്കാട് എന്നി ഭാഗങ്ങളിൽ നിന്നും 50 ഗുണഭോക്തൃ കുടുംബങ്ങളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത കുടുംബങ്ങളുടെ വിവരങ്ങൾ SAFP യിലേക്ക് അപ്ലോഡ് ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി ഉപകാരികൾക്കുള്ള ക്രിസ്മസ് പുതുവത്സര വിശേഷങ്ങൾ അടങ്ങുന്ന കത്തുകൾ തയ്യാറാക്കി. ഗുണഭോക്തൃ കുടുംബത്തിന്റെ വിശേഷങ്ങൾ, സ്വയം തൊഴിലിലെ ലാഭം, കഴിഞ്ഞ വർഷത്തിൽ എടുത്ത ഫണ്ടിന്റെ വിനിയോഗം, കൊറോണ മൂലം അഭിമുഖീകരിച്ച പ്രശ്നങ്ങൾ, വിദ്യാഭ്യാസ പുരോഗതി, ഫ്യൂച്ചർ പ്ലാൻ എന്നിവ ഉൾപ്പെടുത്തിയതാണ് കത്ത്.

കത്തുകൾ പൂർത്തീകരിച്ച് കോർഡിനേറ്റർ അത് SAFP യിലേക്ക് അപ്ലോഡ് ചെയ്തു.

7. **സ്വാന്തനം മാർക്കറ്റ് ജനങ്ങളിലേക്ക്**

തൃശ്ശൂർ അതിരൂപതയുടെ പ്രേഷിതത്വ കേന്ദ്രമായ സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്റർ മാർക്കറ്റ് ഓൺ വീലുമായി ഇടവകകളിലേക്ക്. കോവിഡ്–19 പശ്ചാത്തലത്തിൽ വോക്കൽ ഫോർ ലോക്കൽ എന്ന ആശയത്തെ സാധുകരിക്കുക, ജനങ്ങളിൽ ചെറിയ സംരഭങ്ങൾ വളർത്തി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യങ്ങളോടെ കനാറാബാങ്ക് ഡെവലപ്മെന്റ് സെന്ററുമായി സഹകരിച്ചാണ് മാർക്കറ്റ് ഓൺ വിൽ എന്ന സംരംഭം പ്രവർത്തിക്കുന്നത്. കാർഷിക ഉത്പന്നങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളും ഉല്പാദകർക്ക് മാർക്കറ്റിലേക്ക് കൊണ്ടുവരാനും ഉൽപന്നങ്ങൾ ഉപഭോക്താക്കൾക്ക് വാങ്ങുന്നതിനുമായി ഈ വിപണി അവസരമൊരുക്കുന്നു. അതിരൂപതയിലെ മുൻകൂട്ടി നിശ്ചയിക്കപ്പെടുന്ന ഇടവകകളിലാണ് ഓരോ ദിവസവും സ്വാന്തനം മാർക്കറ്റ് ഓൺ വിൽ പ്രവർത്തിച്ചുവരുന്നത്.

8. **കാൻസർ ബോധവൽക്കരണം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി സാന്ത്വനം കേൻസർ ബോധവൽക്കരണ വെബിനാർ സംഘടിപ്പിച്ചു. സിസ്റ്റർ ജീന കാരിത്താസ് ഇന്ത്യ ബോർഡ് അംഗം വെബിനാർ ഉത്ഘാടനം ചെയ്തു. മെഡിക്കൽ ഓങ്കോളജിസ്റ്റായ ഡോ.മിഥുൻ ചാക്കോ ജോൺ നയിച്ച ക്ലാസ്സിൽ 50ൽ കൂടുതൽ വിദ്യാർത്ഥികൾ പങ്കെടുത്തു. സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ റവ.ഫാ.ഡോ. ജോസ് വട്ടക്കുഴി, കോഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

9. **പോസ്റ്റർ നിർമ്മാണം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി സാന്ത്വനം കേൻസർ ബോധവൽക്കരണ പോസ്റ്റർ നിർമ്മാണത്തിൽ ലാവൻഡർ ആർമിയിലെ കുട്ടികൾ പങ്കെടുത്തു. സാന്ത്വനം കോഡിനേറ്റർ നേതൃത്വം നൽകി

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി. ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

# മാതൃവേദി

1. **ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പ് വിജയികളെ ആദരിക്കൽ**
   **2021 ജനുവരി 14 വ്യാഴം 3 pm**
   തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഈ കഴിഞ്ഞ ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയിച്ച മാതൃവേദി അംഗങ്ങളെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2021 ജനുവരി 14–ാം തിയ്യതി വ്യാഴാഴ്ച്ച 3 മണിക്കുള്ള പരിപാടിയിൽ വച്ച് ആദരിക്കുന്നതായിരിക്കും. കക്ഷി രാഷ്ട്രീയ ഭേദമെന്യേ വിജയിച്ച എല്ലാ മാതൃവേദി അംഗങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.  അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ത്രിതല പഞ്ചായത്ത് മത്സരത്തിൽ വിജയിച്ച മാതൃവേദി അംഗങ്ങളെ സമ്മാനങ്ങൾ നൽകി ആദരിക്കുന്നതായിരിക്കും. വിജയിച്ച എല്ലാവരും മറക്കാതെ വരുമല്ലോ.
2. **സംഭാവന കൂപ്പൺ വിജയികൾ**
   തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ സംഭാവന കൂപ്പൺന്റെ വിജയികൾ
   1. 32725,  2. 41140, 3. 59652, 4. 49958, 5. 4323, 6. 47359, 7. 50079
   8. 57432, 9. 53628, 10. 50306
   സമ്മാന അർഹരായവർ കൂപ്പൺ ഡിസംബർ 30 ന് മുമ്പ് മാതൃവേദി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

# കുടുംബക്കൂട്ടായ്മ

1. **പുത്തൻപാന പാരായണ മത്സര വിജയികൾ**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തിയ പുത്തൻപാന പാരായണ മത്സരത്തിന്റെ വിജയികൾ

**ഒന്നാം സമ്മാനം** ഷാനി ഷാജി – ചോറ്റുപാറ ഇടവക

**രണ്ടാം സമ്മാനം** ബിജി ഷിജി – പുത്തൂർ ഇടവക

**മൂന്നാം സമ്മാനം** മിജി ജോജു – വരാക്കര നോർത്ത് ഇടവക

**പ്രോത്സാഹന സമ്മാനങ്ങൾ**

1. മേരി വിൽസൺ – ഇയ്യാൽ ഇടവക
2. ഷൈനി ബാബു – ചൊവ്വന്നൂർ ഇടവക
3. സ്റ്റെഫി വർഗ്ഗീസ് – പുല്ലഴി ഇടവക
4. വർഗ്ഗീസ് പി.എ – ഒളരിക്കര ഇടവക
5. ബീന പോൾസൺ – വെട്ടുക്കാട് ഇടവക
6. സബിത ജോസ് – അന്തിക്കാട് ഇടവക
7. ബിജി വർഗ്ഗീസ് – നന്തിപുലം ഇടവക

പങ്കെടുത്തവർക്കും വിജയികൾക്കും നന്ദിയും അഭിനന്ദനങ്ങളും. സമ്മാന വിതരണ ദിവസം പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

2. **മെറിറ്റ് ഡെ**

**2021 ജനുവരി 10 ഞായർ 3** pm

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ മെറിറ്റ് ഡെ ആചരിക്കുന്നു. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ 10, 12 ക്ലാസ്സുകളിൽ എ പ്ലസ് നേടിയ വിദ്യാർത്ഥിനി വിദ്യാർത്ഥികളെ ആദരിക്കുകയും ഒപ്പം കൊറോണ കാലഘട്ടത്തിൽ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ വിവിധങ്ങളായ മത്സരവിജയികൾക്കുള്ള സമ്മാനദാനവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിക്കുന്നതായിരിക്കും. മെറിറ്റ് ഡെയ്ക്ക് സമ്മാനർഹരായ എല്ലാവ

രേയും ഫാമിലി അപ്പൊസ്റ്റൊലേറ്റിലേക്ക് 2021 ജനുവരി 10–ാം തിയ്യതി ഞായറാഴ്ച്ച 3 മണിക്കുള്ള പരിപാടിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

പൊതു ആനുകൂല്യങ്ങളും സേവനങ്ങളും നേടിയെടുക്കുന്നതിൽ ക്രൈസ്തവസമൂഹം നേരിടുന്ന അവഗണനയും കാണിക്കുന്ന വിമുഖതയും പരിഹരിക്കുന്നതിന് സാധ്യമാകുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണം എന്ന ആശയം കഴിഞ്ഞ നാളുകളിലെ പല ചർച്ചകളിലും ഉയർന്നുവന്നിരുന്നു. പ്രത്യേകിച്ച് സാമ്പത്തിക–തൊഴിൽ മേഖലയിൽ നമുക്ക് കാര്യക്ഷമമായി ജനത്തിന് ലഭ്യമായ ആനുകൂല്യങ്ങൾ നേടിക്കൊടുക്കാൻ ശ്രമം അടിയന്തരമായി ഉണ്ടാകണമെന്ന് എല്ലാവരും ഒരുപോലെ ആഗ്രഹിക്കുന്ന കാര്യമാണ്. സാമൂഹ്യക്ഷേമപദ്ധതികൾ, തൊഴിൽസാധ്യതകൾ, അപേക്ഷകൾ നൽകാനും നേടിയെടുക്കാനും ഒരു സഹായക സംരംഭം എന്ന ഒരു ലക്ഷ്യം മുൻനിർത്തി നമ്മുടെ അതിരൂപതയിലും അതിരൂപതയിലെ ചില ഇടവകകളിലും ഇതിനകംതന്നെ ആരംഭിച്ച ഒരു സംരംഭമാണ് എ. എഫ് .സി (അതിരൂപത ഫെസിലിറ്റേഷൻ സെന്റർ, ഇടവകകളിൽ പാരിഷ് ഫെസിലിറ്റേഷൻ സെന്റർ).

ക്ഷേമ പെൻഷനുകൾ / വില്ലേജ്തല സർട്ടിഫിക്കറ്റുകൾ / ഗ്രാമപഞ്ചായത്ത് അപേക്ഷകൾ /കൃഷിവകുപ്പ് ആനുകൂല്യങ്ങൾ / ന്യൂനപക്ഷ സ്കോളർഷിപ്പുകൾ / ആധാർ, പാൻ, വോട്ടർകാർഡ് സേവനങ്ങൾ / മറ്റു ആനുകൂല്യങ്ങളും സേവനങ്ങളും ലഭിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾ കണ്ടെത്തി അവ സാധാരണക്കാരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ

അതിരൂപതയിലെ സംഘടനകളുടെ സഹായത്തോടെയാണ് എ.എഫ്. സി. പ്രവർത്തിച്ചുവരുന്നത്.

**ചില സർക്കാർ പദ്ധതികൾ:**

1.. വാർദ്ധക്യകാലപെൻഷൻ

60 വയസ്സിനു മുകളിലുള്ളവർക്ക് പ്രതിമാസം 1400 രൂപയും 75 വയസ്സിനു മുകളിലുള്ളവർക്ക് പ്രതിമാസം 1500 രൂപയും ധനസഹായം ലഭിക്കുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവരും 3 വർഷമായി കേരളത്തിൽ താമസിക്കുന്നവരുമാകണം. എന്നാൽ യാചകവൃത്തി ചെയ്യുന്നവരോ, വൃദ്ധസദനത്തിലോ, ശരണാലയത്തിലോ താമസിക്കുന്നവരോ ആകരുത്.

2. അഗതിപെൻഷൻ

കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാനത്ത് തുടർച്ചയായി താമസിക്കുന്നവരും കുടുംബവാർഷികവരുമാനം ഒരു ലക്ഷംരൂപയിൽ കുറവുള്ളവരുമാകണം. പുനർവിവാഹം നടത്തിയാൽ പെൻഷൻ പിന്നീട് ലഭിക്കുന്നതല്ല. ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ്/ഭർത്താവ് മരിച്ച് 7 വർഷമായി എന്നു കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

3. വികലാംഗപെൻഷൻ

ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം ലഭിക്കുന്ന പദ്ധതിയാണിത്. പ്രായപൂർത്തിയാകാത്ത ആളോ മാനസിക വെല്ലുവിളി നേരിടുന്ന ആളോ ആണെങ്കിൽ രക്ഷാകർത്താവിന് അപേക്ഷിക്കാം. ഈ പെൻഷൻ ലഭിക്കുന്നവർ കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാനത്ത് തുടർച്ചയായി താമസിക്കുന്നവരും കുടുംബവാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ കുറവുള്ളവരുമാകണം. ഈ പെൻഷന് ലഭിക്കുന്നവർക്ക് സാമൂഹികക്ഷേമപെൻഷൻ/ ക്ഷേമനിധിപെൻഷൻ എന്ന രണ്ടാമതൊരു പെൻഷനുകൂടി അപേക്ഷിക്കാം. എന്നാൽ രണ്ടാമത്തെ പെൻഷൻ തുക 600 രൂപയായിരിക്കും.

4. 50നു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ

അമ്പതു വയസ്സിനു മുകളിലുള്ള അവിവാഹിതർക്ക് സാമ്പത്തികസഹായം നൽകുന്നതിന് കേരള സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. പ്രതിമാസം 1400 രൂപയാണ് പദ്ധതിയുടെ പ്രയോജനമായി ലഭിക്കുന്നത്. കുടുംബ വാർഷികവരുമാനം 100000 രൂപയിൽ കവിയാത്ത 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. അവിവാഹിതരായ

അമ്മമാർക്കും ഈ പദ്ധതിയിൽ അപേക്ഷിക്കാം. അപേക്ഷ നല്കുന്ന തിയതി മുതൽ അപേക്ഷകന് ഈ പെൻഷന് അർഹതയുണ്ട്. നിശ്ചിത ഫോമിലുള്ള അപേക്ഷയോടൊപ്പം വരുമാനവും പ്രായവും, അവിവാഹിതയാണെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം പഞ്ചായത്ത് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

5. കർഷക തൊഴിലാളി പെൻഷൻ

കർഷക തൊഴിലാളികൾക്ക് 1000 രൂപവരെ ആനുകൂല്യം ലഭിക്കുന്ന പദ്ധതി. 60 വയസസ്സിനു മുകളിലുള്ള 10 വർഷമായി കേരളത്തിൽ സ്ഥിരതാമസമാക്കിയ കർഷക ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്കാണ് കാർഷിക പെൻഷനു അർഹതയുള്ളത്. കൂടാതെ അപേക്ഷകരുടെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷത്തിൽ കൂടുതലാകരുത്. നിശ്ചിത ഫോമിലുള്ള അപേക്ഷ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം, പ്രായം തെളിയിക്കാനുള്ള രേഖ, കഴിഞ്ഞ 10 വർഷമായി സംസ്ഥാനത്ത് തുടർച്ചയായി താമസിക്കുന്നു എന്നു തെളിയിക്കുന്ന രേഖ, വരുമാന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കണം.

6. കാരുണ്യ ബെനവലന്റ് പദ്ധതി

കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ സംബന്ധമായ രോഗം, ഹീമോഫീലിയ, കരൾ സംബന്ധമായ രോഗം, പാലിയേറ്റീവ് കെയർ എന്നിവയുടെ ചികിത്സക്കും ശസ്ത്രക്രിയക്കും പരമാവധി 2 ലക്ഷം രൂപവരെ ധനസഹായം നല്കുന്നതാണ് പദ്ധതി. ബി.പി.എൽ .വിഭാഗത്തിലുള്ളവർക്കും മൂന്നു ലക്ഷംരൂപവരെ വരുമാനമുള്ള എ.പി. എൽ. വിഭാഗത്തിലുള്ളവർക്കും ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കാം. സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ സ്വാശ്രയ ആശുപത്രികളിലും മേല്പറഞ്ഞ രോഗങ്ങളുടെ ശസ്ത്രക്രിയയും അനുബന്ധ ചികിത്സകളും നടത്തുന്നതിനാണ് ധനസഹായം ലഭിക്കുന്നത്.

7. സാധുക്കളായ വിധവകളുടെ പെണ്മക്കളുടെ വിവാഹത്തിനു ധനസഹായം

സാധുക്കളായ വിധവകളുടെ പെണ്മക്കളുടെ വിവാഹത്തിന് 30000 രൂപവരെ ധനസഹായം നല്കുന്ന പദ്ധതിയാണിത്. മൂന്നു വർഷമായി കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവരും കുടുംബ വാർഷികവരുമാനം 20,000 രൂപയിൽ താഴെയുള്ളവരുമായിരിക്കണം. വിവാഹത്തിന് 30 ദിവസം മുമ്പെങ്കിലും അപേക്ഷ നല്കണം.

അതിനു സാധിച്ചില്ലെങ്കിൽ വിവാഹം കഴിഞ്ഞ് 3 മാസത്തിനകം മാപ്പപേക്ഷ സഹിതം അപേക്ഷിക്കാം.

8. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ട് (CMDRF)

ഗുരുതരമായ രോഗങ്ങളുള്ള, വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കൂടുതൽ ഇല്ലാത്തവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നു. കൂടാതെ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത വാസഗൃഹങ്ങളും ചെറുകിട കച്ചവടസ്ഥാപനങ്ങളും തീപിടുത്തത്തിൽ നശിച്ചാലും, വള്ളം, ബോട്ട്, മത്സ്യബന്ധനോപാധികൾ എന്നിവക്ക് നാശനഷ്ടമുണ്ടായാലും ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കും. വെള്ളപ്പൊക്കം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ജില്ലാകലക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കും. സാധാരണനിലയിൽ രോഗചികിത്സക്ക് ഒരു വ്യക്തിക്ക് ഒരു തവണമാത്രമേ ധനസഹായം അനുവദിക്കൂ. എന്നാൽ കാൻസർ, വൃക്കരോഗം തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്ക് ധനസഹായം ലഭിച്ച് രണ്ടു വർഷത്തിനു ശേഷം വീണ്ടും അപേക്ഷിക്കാം. അപകടങ്ങളിൽ മരിക്കുന്നവരുടെ ആശ്രിതർ, മരണസർട്ടിഫിക്കറ്റ്, എഫ്.ഐ. ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ പകർപ്പ് സഹിതം മരണം നടന്ന് ഒരു വർഷത്തിനകം സഹായത്തിന് അപേക്ഷിക്കണം. https://www.cmdrf.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ നേരിട്ടും അക്ഷയകേന്ദ്രങ്ങൾ മുഖേനയും ധനസഹായത്തിന് അപേക്ഷിക്കാം. നിയമസഭാസാമാജികർ, പാർലിമെന്റ് അംഗങ്ങൾ എന്നിവരുടെ ഓഫീസ് മുഖേനയും മുഖ്യമന്ത്രിയുടെ/ റവന്യൂവകുപ്പ് മന്ത്രിയുടെ ഓഫീസിൽ തപാൽ / ഇമെയിൽ മുഖേനയും അപേക്ഷ സമർപ്പിക്കാം.

9. നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം (NFBS)

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബത്തിലെ മുഖ്യസംരക്ഷകൻ (പ്രധാന വരുമാനമുണ്ടാക്കി കുടുംബത്തെ സംരക്ഷിച്ചു വരുന്ന വ്യക്തി) മരിച്ചാൽ ആ വ്യക്തിയുടെ ഭാര്യ/ ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, മരിച്ച വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന അച്ഛനമ്മമാർ എന്നിവർക്ക് 20000 രൂപ ധനസഹായം നല്കുന്ന പദ്ധതിയാണ്.

10. ക്ഷയരോഗികൾക്ക് പ്രതിമാസ ധനസഹായം

ക്ഷയരോഗികൾക്കുള്ള സാമ്പത്തിക സഹായമായി പ്രതിമാസം 1000 രൂപ ലഭിക്കുന്ന പദ്ധതിയാണ്. ഒരു വർഷത്തേക്കാണ് പ്രതിമാസ ധനസഹായം അനുവദിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ

ധനസഹായം ആവശ്യമുള്ളപക്ഷം പുതിയ അപേക്ഷ നല്കണം. അപേക്ഷകന് ഒരു വർഷത്തിൽ കൂടുതൽ കേരളത്തിൽ താമസിക്കുന്നയാളായിരിക്കണം. ടി. ബി. ക്ളിനിക്കിലോ സാനിറ്റോറിയത്തിലോ പ്രവേശനം ലഭിക്കാത്ത രോഗികൾക്ക് ഈ സഹായത്തിന് അർഹതയുണ്ട്. വാർഷികവരുമാനം 100000 രൂപയിൽ കുറവായിരിക്കണം.

11. കാൻസർ രോഗികൾക്ക് പ്രതിമാസ ധനസഹായം

കാൻസർ രോഗികൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം ലഭിക്കുന്ന പദ്ധതിയാണിത്. ഒരു വർഷത്തിലധികം കേരളത്തിൽ താമസിക്കുന്നയാളും ഒരുലക്ഷത്തിൽ താഴെ വരുമാനമുള്ളയാളുമായിരിക്കണം. ആശുപത്രിയിലോ സാനിറ്റോറിയത്തിലോ പ്രവേശിപ്പിക്കപ്പെട്ടയാളാകരുത്. അപേക്ഷ വില്ലേജ് ഓഫീസിൽ നേരിട്ട് ഹാജരാക്കണം.

12. പ്രധാന മന്ത്രി കിസാൻ സമ്മാനനിധി

കർഷകർക്ക് സർക്കാർ നല്കുന്ന ഒരു സമ്മാനപദ്ധതിയാണിത്. പ്രതിവർഷം 6000 രൂപ (4 മാസത്തെ ഇടവേളകളിൽ 2000 രൂപവെച്ച്) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു. കൃഷി ഓഫീസറാണ് അപേക്ഷ പാസാക്കുന്നത്. തുക ലഭിച്ചില്ലെങ്കിൽ നിങ്ങളുടെ പരാതി ബന്ധപ്പെട്ട മേലാധികാരികളെ കൃത്യമായ വിവരം സഹിതം അറിയിക്കുക. ഒരു റേഷൻ കാർഡിൽ അച്ഛനോ അമ്മയോ അപേക്ഷിച്ചു കഴിഞ്ഞാൽ അവരുടെ പ്രായപൂർത്തിയായ മക്കളുടെ പേരിൽ വേറെ സ്ഥലം ഉണ്ടെങ്കിൽ അവർക്ക് വേറെ അപേക്ഷ കൊടുക്കുവാൻ കഴിയും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
അതിരൂപത ഫെസിലിറ്റേഷൻ സെന്റർ
ഫാമിലി അപോസ്റ്റോലേറ്റ് സെന്റർ,
കിഴക്കുംപാട്ടുകര, തൃശൂർ
ഫോൺ: 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : https://www.afctcr.com/

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

1. **വി. ഫ്രാൻസീസ് സേവ്യർ അനുസ്മരണം**

   16–ാം നൂറ്റാണ്ടിൽ കേരളത്തിലെ മദ്യവിപത്തിനെതിരെ ആഞ്ഞടിച്ച വി. ഫ്രാൻസീസ് സേവ്യറിന്റെ മരണത്തിരുനാൾ നമ്മുടെ സംഘടന സമുചിതമായി കൊണ്ടാടി. ഡിസംബർ മൂന്നിന് കാലത്ത് 9 മണിക്ക് വിശുദ്ധന്റെ നാമധേയത്തിലുള്ള വിയ്യൂർ സ്കൂൾ അങ്കണത്തിൽ അനുസ്മരണയോഗം ചേർന്നു. ബഹു. ഡയറക്ടറച്ചൻ ആമുഖപ്രഭാഷണം ചെയ്തു. വികാരി ബഹു. ബിജു പാണേങ്ങാടനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. ഫാ. ജോർജ്ജ് ചേലപ്പാടൻ മുഖ്യാതിഥിയായി പങ്കെടുത്തു. പ്രസിഡണ്ട് സി. പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പരിപാടിയിൽ ശ്രീ തങ്കച്ചൻ വടക്കാഞ്ചേരി, ശ്രീ. സിജു, ശ്രീ. ജോസ് വടക്കേത്തല, ശ്രീ. സൈമൺ തുടങ്ങിയവർ പ്രസംഗിക്കുകയുണ്ടായി. പന്ത്രണ്ടു മണിയോടെ സമ്മേളനം സമംഗളം സമാപിച്ചു

2. **അനുശോചനം**

   ബഹു. ഡയറക്ടറച്ചന്റെ ഏക സഹോദരീ ഭർത്താവും പെരിങ്ങോട്ടുകര ഇടവകാംഗവുമായ ശ്രീ. തട്ടിൽ കുരുവിള ജോണിയുടെ ആകസ്മിക ദേഹവിയോഗത്തിൽ സംഘടനാസാരഥികൾ അനുശോചനം പ്രകടിപ്പിച്ചു. സി.പി. ഡേവീസ്, തങ്കച്ചൻ വടക്കാഞ്ചേരി, ജോസ് വേലൂക്കാരൻ, ജോസ് വടക്കേത്തല, സിജു എന്നിവർ മൃതദേഹത്തിൽ റീത്ത് ചാർത്തി പ്രാർത്ഥിച്ചത് ഹൃദ്യവും മാതൃകാപരവുമായി.

3. **മദ്യാനുകൂലികൾക്ക് വോട്ടില്ല**

   ആസന്നമായ തെരഞ്ഞെടുപ്പിൽ മദ്യനിരോധനത്തിന് പ്രതിജ്ഞാബദ്ധരായവർക്കു മാത്രമേ വോട്ടു ചെയ്യാവൂ എന്ന ആഹ്വാനവുമായി മദ്യനിരോധനസമിതി ഫെബ്രുവരി 4 ന് 4 മണിക്ക് തൃശൂർ കോർപ്പറേഷനു മുമ്പിൽ ബോധവൽക്കരണ സദസ്സ് സംഘടിപ്പിച്ചിരുന്നു. മദ്യവിരുദ്ധസമിതിയെ പ്രതിനിധീകരിച്ചുകൊണ്ട് സെക്രട്ടറി ശ്രീ. തങ്കച്ചൻ പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയുമുണ്ടായി.

**4. കർഷകസമരത്തിന് പിന്തുണ**

ഏതാനും നാളുകളായി തലസ്ഥാന നഗരിയിൽ നടക്കുന്നതും ലോക ജനതയുടെ ശ്രദ്ധ സമാർജ്ജിക്കുകയും ചെയ്ത ബഹുജനപ്രക്ഷോ ഭണത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് 8.12.2020 ന് വട ക്കാഞ്ചേരി ഫൊറോന മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ വട ക്കാഞ്ചേരി ടൗണിൽ പൊതുയോഗം കൂടി. അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്ത ഈ പരിപാടിക്ക് ശ്രീ. തങ്കച്ചൻ, ശ്രീ. അഗസ്റ്റിൻ, ശ്രീ. ജോൺസൺ കുന്നംപിള്ളി, ശ്രീ. ജോണി തൈക്കാടൻ തുടങ്ങി യവരാണ് നേതൃത്വം നൽകിയത്. കിള്ളിമംഗലം സെന്ററിൽ കെ.സി. വൈ.എം. ന്റെ സഹകരണത്തോടെ അരങ്ങേറിയ പരിപാടിയിൽ ചേല ക്കര ഫൊറോന പ്രൊമോട്ടർ റവ. ഡോ. ചാക്കോ ചിറമ്മൽ അദ്ധ്യ ക്ഷത വഹിച്ചു. അതിരൂപത ഡയറക്ടറച്ചനാണ് ഉദ്ഘാടനം ചെയ്ത ത്. ഇതോടനുബന്ധിച്ച് ചേലക്കര ഫൊറോന ദൈവാലയത്തിനു മുമ്പിൽ സംഘടിപ്പിച്ച യോഗം സഹായമെത്രാൻ മാർ ടോണി നീല ങ്കാവിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ, ഫൊറോന പ്രൊമോട്ടർ, ഫൊറോന വികാരി വെരി റവ. ഫാ. തോമസ് വടക്കൂട്ട് തുടങ്ങിയവർ കർഷക സമൂഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കു കയുണ്ടായി.

**ശ്രീ. ജോസ് വേലൂക്കാരൻ**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



1. **ഉണ്ണീശോയ്ക്കൊരുമ്മ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് കുട്ടികൾക്കായി **ഉണ്ണീശോയ്ക്കൊ രുമ്മ** എന്ന പേരിൽ 25 ദിവത്തെ ക്രിസ്തുമസ് ഒരുക്കത്തിനായുള്ള കലണ്ടർ പ്രസിദ്ധീകരിച്ചു. അതിരൂപതയിലെ എല്ലാ കുട്ടികൾക്കും സുകൃതജപങ്ങൾ ചൊല്ലിയും സത്പ്രവൃത്തികൾ അനുഷ്ഠിച്ചും ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കാൻ സഹായകമായ രീതി യിലാണ് ഈ കലണ്ടർ ക്രമീകരിച്ചിരുന്നത്.

2. **ക്രിസ്തുമസ് മത്സരങ്ങൾ**

ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി പുൽക്കൂട്, ക്രിസ്തുമസ് കാർഡ്, ക്രിസ്തുമസ് ക്രാഫ്റ്റ്സ് മത്സങ്ങൾ സംഘടിപ്പിച്ചിരുന്നു. ക്രിസ്തുമസിന്റെ സന്തോഷം കുടുംബാംഗങ്ങൾ തമ്മിൽ തമ്മിൽ പങ്കുവയ്ക്കുവാനും കുട്ടികളിലെ കഴിവുകളെയും ക്രിയാത്മകതയെയും വളർത്താനും പ്രോത്സാഹിപ്പിക്കാനും ഈ മത്സരങ്ങൾ കാരണമായി. കുട്ടികളിൽ നിന്നു ലഭിച്ച ക്രിസ്തുമസ് കാർഡുകൾ അവരുടെ പേരിൽ തന്നെ വിയ്യൂർ സെൻട്രൽ ജയിലിലെ സഹോദരങ്ങൾക്കും അഗതിമന്ദിരത്തി ലുള്ളവർക്കും സ്നേഹസമ്മാനമായി നൽകാൻ സാധിച്ചു.

3. **സമ്മാനവിതരണം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തിയ എല്ലാ മത്സ രങ്ങളുടേയും സമ്മാനവിതരണം ഈ കോവിഡ് പശ്ചാത്തലത്തിൽ, സാഹചര്യങ്ങൾ അനുകൂലമാകുന്നതനുസരിച്ച് പിന്നീട് നടത്തുന്ന താണ്.

4. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:**

തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ, തിന്മയെ നന്മകൊണ്ട് കീഴട ക്കുവിൻ (റോമ 12:21)

**സുകൃതജപം:**

എന്റെ ഉണ്ണീശോയെ, എന്നെ പുതുസൃഷ്ടിയാക്കണമേ.

**പ്രാർത്ഥനാ നിയോഗം:** ഈശോയുടെ സ്നേഹം എല്ലാവരും തിരിച്ച റിഞ്ഞ് അനുഭവിക്കുന്നതിനുവേണ്ടി

**പ്രവർത്തിക്കാൻ**:

പുതുവർഷത്തിൽ കാരുണ്യപ്രവൃത്തികൾ അനുഷ്ഠിക്കുന്നതിൽ കൂടുതൽ ഉത്സുകരാകുക.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ജോസഫ് വാസ് (ജനുവരി 16)

**സി. ബീന റോസ്**
എസ്.എസ്.പി.സി.
കോർഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്



1) കേരള ലേബർ മൂവ്മെന്റിന്റെ ഡയമണ്ട് ജൂബിലിയോട് അനുബന്ധിച്ച് കെ.എൽ.എം. 2019 ഡിസംബർ 22 ന് ആരംഭം കുറിച്ച പദ്ധതിയാണ് കെ.എൽ.എം. ഡയമണ്ട് ജൂബിലി മരണാനന്തര സഹായ പദ്ധതി. പദ്ധതിയിൽ അംഗമാകുന്നവർ ആരെങ്കിലും മരണമടയുകയാണെങ്കിൽ അംഗങ്ങൾ ഓരോരുത്തരും നിലവിൽ അമ്പത് രൂപ വീതം മരണപ്പെടുന്ന വ്യക്തിക്കു വേണ്ടി നല്കുന്നു. കഴിഞ്ഞ മെയ്മാസം വരെ ഒരു ലക്ഷത്തി നാല്പതിനായിരം രൂപയാണ് നല്കിയത്. ഇപ്പോൾ അത് ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയാണ് നല്കികൊണ്ടിരിക്കുന്നത്. ഇതിനോടകം 15 പേർക്ക് അത് നല്കിക്കഴിഞ്ഞു. താഴെ പറയുന്നവർക്കാണ് ഈ സംഖ്യ കൈമാറിയത്.

1. കുരിയച്ചിറ ഇടവക യൂണിറ്റ് എടക്കളത്തൂർ കണിമംഗലത്തുകാരൻ ജോസ് ഭാര്യ ഫിലോമിന
2. മണ്ണംപേട്ട ഇടവക യൂണിറ്റ് കോക്കാടൻ കൊച്ചപ്പൻ മകൻ ഫ്രാൻസീസ്
3. പുല്ലഴി ഇടവക യൂണിറ്റ് മാളിയേക്കൽ കാറ്റടി അന്തോണി മകൻ പോൾ
4. വടൂക്കര ഇടവക യൂണിറ്റ് തേലപ്പിള്ളി ദേവസ്സി മകൻ റപ്പായി
5. ചിറ്റാട്ടുകര ഇടവക യൂണിറ്റ് പനക്കൽ ജോസഫ് ഭാര്യ കൊച്ചുത്രേസ്യ
6. പുതുക്കാട് ഇടവക യൂണിറ്റ് കണ്ണനായക്കൽ കുറ്റിക്കാടൻ ഔസേഫ് ഭാര്യ റോസിലി
7. നന്തിപുലം നോർത്ത് ഇടവക യൂണിറ്റ് ഞെരിഞ്ഞാംപിള്ളി ലോനപ്പൻ മകൻ പോൾ
8. കുറുമാൽ ഇടവക യൂണിറ്റ് ശ്രീമതി ശോശന്നം ജോസ്
9. പുതുക്കാട് ഇടവക യൂണിറ്റ് തട്ടിൽ നാനാപ്പൻ തോമസ് മകൻ വിൻസന്റ്
10. മുല്ലശ്ശേരി ഇടവക യൂണിറ്റ് വടക്കേതല ജോസ് മകൻ ബിജു
11. പുല്ലഴി ഇടവക യൂണിറ്റ് മാളിയേക്കൽ കാറ്റടി കൊച്ചുപോൾ ഭാര്യ ഫിലോമിന
12. വരന്തരപ്പിള്ളി ഇടവക യൂണിറ്റ് തറയിൽ പഴൂക്കാരൻ അന്തോണി ജോർജ്

13. ചേർപ്പ് ഇടവക യൂണിറ്റ് കുന്നൻ റപ്പായി മകൻ ദേവസ്സി
14. പാവറട്ടി ഇടവക യൂണിറ്റ് വടക്കൂട്ട് (കൈനാത്ത്) കൊച്ചപ്പൻ മകൻ ജെയ്ക്കബ്
15. ചൊവ്വൂർ ഇടവക യൂണിറ്റ് പുഴക്കൽ ലോനപ്പൻ വർഗീസ്

ഈ കോവിഡ് മഹാമാരിയുടെ കാലത്തും മേൽസൂചിപ്പിച്ചവരുടെ കുടുംബാംഗങ്ങൾക്ക് കൈതാങ്ങാകുവാൻ സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുകയും പ്രാർത്ഥനാശംസകൾ അറിയിക്കുകയും ചെയ്യുന്നു.

2) കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പോയിന്റ് ഓഫ് സെയിൽ പേഴ്സൺ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുവാനുതകുന്ന പദ്ധതികളുടെ വ്യാപനത്തിന് കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമായി. തൊഴിലാളികളുടെ ആരോഗ്യ സുരക്ഷക്കും അവരുടെ വിവിധങ്ങളായ ജീവനോപാധികളുടെ സംരക്ഷണത്തിനും വേണ്ടി ഇപ്പോൾ വിവിധ ഇൻഷുറൻസ് കമ്പനികളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നതും, നിലവിലുള്ളതും ഏറ്റവും ഉപകാരമെന്ന് വിലയിരുത്തപ്പെട്ടതുമായ പദ്ധതികൾ പഠിച്ച് വിതരണം ചെയ്യുന്നതിനായി പി.എഫ്.ആർ.ഡി.എ. യുടെ അംഗീകാരം ലഭ്യമാകുന്ന ഒരു സർട്ടിഫിക്കറ്റാണ് പോയിന്റ് ഓഫ് സെയിൽ പേഴ്സൺ എന്നത്. വളരെയേറെ കാലമായി സഹകരിച്ച് പ്രവർത്തിക്കുന്ന എയിംസ് ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനിയുടെ സഹായത്തോടെയാണ് കെ.എൽ.എം. പോയിന്റ് ഓഫ് സെയിൽ പേഴ്സൺ എന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഓൺലൈൻ പരിശീലനവും പരീക്ഷയും സംഘടിപ്പിച്ചത്. 21 പേരടങ്ങുന്ന ഒന്നാം ബാച്ചിനാണ് 2020 ഡിസംബർ 4 ന് കാത്തലിക്ക് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച യോഗത്തിൽ പോയിന്റ് ഓഫ് സെയിൽ പേഴ്സൺ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. രണ്ടാം ബാച്ചിന്റെ പരിശീലനം 2021 ജനുവരിയിൽ നടത്തുന്നതാണ്. കെ.എൽ.എം. മുൻ സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കെ.എൽ.എം. തൃശൂർ അതിരൂപത പ്രസിഡന്റ് ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. വിശ്വനാഥൻ ഒടാട്ട് മുഖ്യ പ്രഭാഷണം നടത്തി. മോളി ജോബി, ഡേവിസ് തെക്കേക്ക്, ജിൻസൻ പേരകം, അഞ്ജന കൃഷ്ണകുമാർ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.

3) ജനാധിപത്യ വിരുദ്ധമായ കർഷക നിയമങ്ങൾ പിൻവലിക്കണമെന്ന ആവശ്യവുമായി സമാധാനപരമായും ജനാധിപത്യപരമായും പ്രക്ഷോഭണം നടത്തുന്ന ഇന്ത്യയിലെ കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും പിന്തുണക്കുവാനും കേരള ലേബർ മൂവ്മെന്റിന്റേയും കെ.എൽ.എം. നേതൃത്വത്തിലുള്ള കേരള കർഷക തൊഴിലാളി ഫോറത്തിന്റേയും നേതൃത്വത്തിൽ ഐക്യദാർഢ്യ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും അധികം ചൂഷണം ചെയ്യപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന വിഭാഗമാണ് കർഷകർ. കർഷകരുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കുന്നതും അവരെ ഇന്ത്യയിലെ അതിസമ്പന്നരായ കുത്തക മുതലാളിമാരുടെ അടിമകളാക്കി മാറ്റുന്നതുമായ കേന്ദ്ര സർക്കാരിന്റെ പുതിയ കാർഷിക നിയമങ്ങൾ പൂർണമായും പിൻവലിക്കണം. കേന്ദ്രസർക്കാരിന്റെ ഈ തീരുമാനത്തിനെതിരെ സമരം നയിക്കുന്ന കർഷകരെ പിന്തുണക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നതിന് കേരള ലേബർ മൂവ്മെന്റിന്റേയും കർഷക തൊഴിലാളി ഫോറത്തിന്റേയും നേതൃത്വത്തിൽ 14/12/2020 തിങ്കളാഴ്ച വൈകുന്നേരം 05.00 മണിക്ക് തൃശൂർ ഹെഡ് പോസ്റ്റ് ഓഫീസിനു മുമ്പിലും തൃശൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിലും കോവിഡ് പ്രോട്ടോകോൾ പാലിച്ചു തന്നെ പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിച്ചു. കർഷകരും കർഷക തൊഴിലാളികളും കാർഷിക ഉപഭോക്താക്കളും സാമൂഹ്യ പ്രവർത്തകരും കർഷകരുടെ നീതിപൂർവകമായ ആവശ്യങ്ങൾക്കായും അതിജീവനത്തിനും ഉപജീവന സംരക്ഷണത്തിനുമായും സമരം ചെയ്യുന്ന കർഷക പ്രക്ഷോഭ പരിപാടികളെ പിന്തുണക്കുന്നവരും വിവിധ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ പങ്കാളികളായി. കേന്ദ്രസർക്കാർ പാസാക്കിയ കാർഷിക കരിനിയമങ്ങൾ ഉപാധികളില്ലാതെ പിൻവലിക്കേണ്ടതാണ് എന്ന പ്രമേയം എല്ലാ യോഗങ്ങളിലും വായിച്ചു പാസാക്കി. തൃശൂർ പോസ്റ്റ് ഓഫീസിനു മുന്നിൽ നടന്ന യോഗം കെ. എൽ. എം. ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. തൃശൂർ അതിരൂപത പ്രസിഡന്റ് ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. മോളി ജോബി, ബിജു ചിറയത്ത്, ആന്റോ പോൾ, ബാബു ജെയ്ക്കബ് തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ജെയ്സൺ ചിറ്റിലപ്പിള്ളി**
(അസോ. ഡയറക്ടർ)
**മോളി ജോബി**
(ജന. സെക്രട്ടറി)

**ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ**
(ഡയറക്ടർ)
**ജോസ് മാടാനി** (പ്രസിഡന്റ്)









പാലയൂർ മാർ തോമ
മേജർ ആർക്കി എപ്പിസ്കോപ്പൽ
തീർത്ഥകേന്ദ്രത്തിലെ നവീകരിച്ച
പള്ളിയും പരിസരവും



Registered R.N.I. No. 27348/1975
KL/TCR/275/2021-2023
Posted at Thrissur RMS

₹ 25/-
Date of Publication 24.12.2020
**January- 2021**




# HAPPY NEW YEAR

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor